No. 192 JULY 2005

# KERALA PRIVATE COLLEGE TEACHER

monthly journal of the all kerala private college teachers' association



KERALA PRIVATE
COLLEGE TEACHER
MONTHLY
JOURNAL OF
THE AKPCTA

No. 192 JULY 2005

EDITORIAL BOARD

Chief Editor
Dr. S. JAYARAJ KUMAR

Managing Editor
V. JAYAKUMAR

Assistant Editor
Dr. G. S. SURESH

Members
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
M.S.Vasanthakumar
Dr. C.R.Prasad
Mathew J. Muttath
N.Rajan
Soman Nadar
Kavumbai Balakrishnan
P. Sivadasan

visit www.akpcta.org

# 192



inside

Financing higher Education
*Thomas Joseph*

•

Equitable and sustainable development
*Venkatesh Athreya*

•

അറിവിന്റെ രാഷ്ട്രീയം
ഡോ. രാജൻ ഗുരുക്കൾ

•

[illegible]
[illegible]
[illegible]

•

Creative sensibility and Cyber ace
*P.R. Harikumar*

•

[illegible]
[illegible]

•

[illegible]
[illegible]

- Editorial
- Economic Focus
- [illegible]
- [illegible]
- [illegible]
- [illegible]
- [illegible]

*Cover courtesy*
*Magenta Dayakar Art Studio, Hyderabad*

## എഡിറ്റോറിയൽ

# പുത്തൻ കോളജുകളും പുതിയ കോഴ്സുകളും

**ഉന്നതവിദ്യാഭ്യാസം** വണിക്കുകൾക്ക് തീറെഴുതി കൊടുത്ത ശേഷം അവരുടെ കച്ചവടം ലാഭകരമാക്കാൻ വേണ്ട ഒത്താശകളും ചെയ്യുന്ന പ്രക്രിയയിലാണ് ഉമ്മൻചാണ്ടി സർക്കാർ. സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കേണ്ട സർക്കാർ, സാമൂഹ്യ പ്രതിബദ്ധതയേക്കാൾ നിക്ഷേപ സൗഹൃദാന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കാൻ ഉദ്യമിക്കുന്നു; അതിർത്തി കാക്കേണ്ടവർ ആരാച്ചാരായി മാറുന്ന അവസ്ഥ. സർക്കാർ - എയ്ഡഡ് കോളജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന് അധ്യാപകരും വിദ്യാർത്ഥികളും നിരന്തരം ആവശ്യപ്പെടുമ്പോഴാണ് അൺ എയ്ഡഡ് മേഖലയിൽ ഇരുപത് അൺ എയ്ഡഡ് കോളജുകളും നാല്പത്തിമൂന്ന് അൺ എയ്ഡഡ് കോഴ്സുകളും സർക്കാർ അനുവദിച്ചത്. എയ്ഡഡ് കോളജായ എരമല്ലിക്കര ശ്രീ അയ്യപ്പാ കോളജിൽ എം. എസ്. സി ഇലക്ട്രോണിക്സ് സ്വാശ്രയ കോഴ്സായി അനുവദിച്ചുകൊണ്ട് എയ്ഡഡ് കോളജുകളിൽ പുതിയതായി അൺ എയ്ഡഡ് കോഴ്സുകൾ അനുവദിക്കില്ലെന്ന് അദ്ധ്യാപക - വിദ്യാർത്ഥി സംഘടനകൾക്ക് വിദ്യാഭ്യാസമന്ത്രി നല്കിയ ഉറപ്പ് ലംഘിക്കപ്പെട്ടിരിക്കുകയാണ്. എയ്ഡഡ് കോളജുകളിൽ അദ്ധ്യാപകർ അധികമാണെന്ന് പറഞ്ഞ് ഹയർ സെക്കൻററി സ്കൂളുകളിലേയ്ക്ക് തരംതാഴ്ത്തിക്കൊണ്ടുള്ള നടപടികൾ തുടരവെയാണ് സർക്കാറിന്റെ പുതിയ തീരുമാനം.

സർക്കാർ - എയ്ഡഡ് കോളജുകളിൽ പുതിയതായി എയ്ഡഡ് കോഴ്സുകൾ അനുവദിക്കാതിരിക്കുകയും, സ്വാശ്രയ കോളജുകളും കോഴ്സുകളും ഒരു നിയന്ത്രണവുമില്ലാതെ അനുവദിക്കുകയും ചെയ്യുന്ന വഴി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുകയും അർഹതയുള്ള വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവകാശം നിഷേധിക്കുകയുമാണ്. എയ്ഡഡ്-സർക്കാർ മേഖലയെ മുച്ചൂടും തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം നീക്കങ്ങൾ നടത്തുന്നത്.

വിദ്യാഭ്യാസ പ്രശ്നങ്ങളിൽ പെന്റുലം പോലെ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടി നില്ക്കുന്ന സർക്കാരിൻെറ തീരുമാനങ്ങളാണ് കേരള ചരിത്രത്തിലെ തന്നെ ഏററവും ക്രൂരമായ പോലീസ് അതിക്രമങ്ങൾക്ക് വിധേയമായ വിദ്യാർത്ഥി പ്രക്ഷോഭത്തിന് വഴിവച്ചത്. 'രണ്ട് സ്വാശ്രയ കോളജുകൾ സമം ഒരു സർക്കാർ കോളജെന്ന' യു ഡി എഫിന്റെ പ്രഖ്യാപനം തന്നെ നടപ്പാക്കാൻ കൂട്ടാക്കാത്ത ഉമ്മൻചാണ്ടി സർക്കാർ, കോടതി ഉത്തരവുകൾ പോലും ലംഘിച്ചു കൊണ്ടാണ് മാനേജുമെൻറുകൾക്ക് കൂട്ടുനില്ക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ മേഖല സമ്പന്നർക്കു മാത്രമായി മാററാനും സ്വകാര്യ വിദ്യാഭ്യാസ ലോബിക്ക് സർവ്വ സ്വാതന്ത്ര്യവും നല്കാനുള്ള ശ്രമത്തിന്റെ ഭാഗമായി പുഷ്പഗിരി, പരിയാരം മെഡിക്കൽ കോളജുകൾക്ക് കല്പിത സർവ്വകലാശാലാ പദവി നല്കാൻ വേണ്ട ഒത്താശ ചെയ്യുവാനുള്ള നീക്കങ്ങളും നടക്കുന്നു. ഇന്നുള്ള 3,60,000 എഞ്ചിനീയറിംഗ് സീററിൻെറ 1/, മാത്രമേ ആവശ്യമുള്ളൂ എന്നാണ് കേന്ദ്ര മാനവശേഷി മന്ത്രാലയം നിയോഗിച്ച യു. ആർ. റാവു കമ്മീഷൻെറ കണ്ടെത്തൽ. കേരളത്തിലും എഞ്ചിനീയറിംഗ് കോളജുകൾ അധികമായിപ്പോയി എന്ന് വകുപ്പുമന്ത്രി തന്നെ പരിതപിക്കുന്നു. കുററം ആരുടേതാണ്? എന്നിട്ടും അൺ എയ്ഡഡ് കോളജുകളും കോഴ്സുകളും സമൃദ്ധമായി നല്കിക്കൊണ്ടിരിക്കുന്നു. മുതലാളിത്ത രാഷ്ട്രങ്ങളിൽപോലുമില്ലാത്ത വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണമാണ് ഇവിടെ നടക്കുന്നത്.

2004 ജനവരിയിൽ കളമശ്ശേരി രാജഗിരി കോളജിൽ നിലവിലുള്ള എയ്ഡഡ് എം.ബി.എ കോഴ്സ് അൺ എയ്ഡഡ് കോഴ്സാക്കി മാററിയ ഉത്തരവ് എ.കെ.പി.സി.ടി.എ ഉൾപ്പെടെയുള്ള പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രക്ഷോഭത്തെ തുടർന്ന് റദ്ദാക്കേണ്ടി വന്നു. വീണ്ടും ജനകീയ പ്രക്ഷോഭം ക്ഷണിച്ചുവരുത്താതെ പുത്തൻ സ്വാശ്രയ കോളജുകളും കോഴ്സുകളും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് അടിയന്തിരമായി പിൻവലിക്കണം. ഇനിയും വിദ്യാഭ്യാസ രംഗം കലുഷിതമാക്കാൻ ഇടവരുത്തരുത്.

# കേരള, കോഴിക്കോട് സെനററ് തെരഞ്ഞെടുപ്പ് **ഹൈക്കോടതിയിൽ** നിന്നും **അനുകൂലവിധി**

കേരള, കോഴിക്കോട് സർവകലാശാലകളിലെ സെനററ് തെരഞ്ഞെടുപ്പിൽ സ്വകാര്യ കോളജധ്യാപകമണ്ഡലത്തിലെ 16 സീററിൽ മത്സരിക്കാൻ അൺ എയ്ഡഡ് കോളജധ്യാപകരെ കൂടെ ഉൾപ്പെടുത്താനുള്ള നീക്കത്തിനെതിരെ സംഘടന നടത്തിയ നിയമ യുദ്ധം വിജയിച്ചു. രണ്ടു സർവകലാശാലകളിലും തെരഞ്ഞെടുപ്പ് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാനുള്ള അധികാരികളുടേയും വിദ്യാഭ്യാസ കച്ചവടക്കാരുടെയും ശ്രമത്തിനാണ് തിരിച്ചടിയേററിരിക്കുന്നത്.

കേരള സർവകലാശാലയിൽ സിംഗിൾ ബഞ്ചിലും ഡിവിഷൻ ബഞ്ചിലും എ. കെ. പി. സി. ടി. എ. കക്ഷി ചേർന്ന് നടത്തിയ കേസിൽ എയ്ഡഡ് കോളജിലെ അദ്ധ്യാപകരെ മാത്രം ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് നടത്താനുള്ള വിധി വന്നതിനെ തുടർന്നാണ് ജൂലൈ 19 ന് പോളിംഗ് നടന്നത്. കോഴിക്കോട് സർവകലാശാലയിൽ അൺ എയ്ഡഡ്കാരെ കൂടെ ഉൾപ്പെടുത്തിയതിനെ എതിർത്തുകൊണ്ട് എ. കെ. പി. സി. ടി. എ രൂപം നല്കിയ കേസിലാണ് 21-07-2005 ന് അനുകൂല വിധി വന്നിരിക്കുന്നത്. ഇതനുസരിച്ച് കോഴിക്കോട് സെനററ് തെരഞ്ഞെടുപ്പ് അനിവാര്യമായിരിക്കുന്നു.

ഇക്കാര്യത്തിൽ, സ്വകാര്യ കോളജധ്യാപക മേഖലയിലെ ഇതര സംഘടനകൾ അവലംബിച്ച നിലപാട് അപലപനീയമാണ്.

# ആദരാഞ്ജലികൾ



**സ.പി.കെ.വാസുദേവൻനായർ**

പ്രമുഖ കമ്യൂണിസ്ററ് നേതാവും മുൻമുഖ്യമന്ത്രിയും പാർലമെന്റംഗവുമായിരുന്ന സ. പി. കെ. വാസുദേവൻ നായർക്ക് എ.കെ.പി.സി.ടി.എ. യുടെ ആദരാജ്ഞലികൾ.



**ജി. ഗീത**

ശിവഗിരി ശ്രീനാരായണ കോളജ് മലയാളവിഭാഗം അദ്ധ്യാപിക പ്രൊഫ. ജി. ഗീത നിര്യാതയായി. പ്രൊഫ. ഗീതയുടെ സ്മരണയ്ക്കു മുന്നിൽ എ.കെ.പി.സി.ടി.എ. യുടെ ആദരാഞ്ജലികൾ.

# Financing Higher Education

Thomas Joseph

*President, AKPCTA*

## Human Capital

The question of financing of higher education is being discussed against the background of increasing demand for greater access and quality in higher education and shrinking public investment in this sector. The emergence of human capital as the most critical component of production has created an unprecedented demand for education at all levels, including higher education, which is essential for the development of human capital. It is generally agreed that enrolment of at least 20% of the relevant age group in higher education is crucial for national development in a knowledge driven global economy .While enrolment ratios in developed countries average 50%, even most of the developing countries have crossed the 20% mark. India lags behind at 7%.We need to leapfrog in order to reach globally comparable levels of enrolment in higher education. In addition to the current capacity of about 10 million college seats, we need to create about 15 million seats in the next 15 years to reach threshold levels of enrolment by 2020.Similarly, quality concern in higher education is now more important than ever before. It has become an imperative of success in a highly competitive global scenario. UNESCO's new slogan "Quality Education for All young People" (2004) underlines the need for democratizing excellence in education at all levels. This calls for globally competitive infrastructure and delivery methods, which have pushed up investment in higher education many fold.

## World Bank Prescriptions

To meet the increasing demand for qualitative higher education and the multiplying investment requirements in this sector, the World Bank advocated a policy of public disinvestment and greater private investment in higher education. The Bank argued that higher education is a non-merit good, the benefits which mainly accrue to its recipients as opposed to basic education which is perceived as merit good benefiting the entire population. Accordingly, third world countries were advised to prioritize basic education over higher education and invest their scarce recourses in this sector and leave higher education to the dictates of the market forces (World Bank, 1994). A new agenda for global marketing in services was brought in simultaneously by the World Trade Organization in the form of General Agreement for Trade in Services (GATS). Education was listed as one of the commodities for international trade. The voices of dissent (UNESCO, 1995) and exhortations for greater public support for higher education(UNESCO,1998) from international bodies could carry little conviction with the third

world governments, most of which were in the grip of acute fiscal crises. They looked upon the prescriptions of the World Bank as the panacea for their financial worries. Thus Government of India toyed with the idea of cutting down subsidies in higher education from the existing 90% to 25% in five years (Government of India, 1997).The share of higher education in the total expenditure on education of the Union Government declined from 32 to 24 %between 1989-1990 and 1994-1995 and the corresponding figures relating to state budgets declined from 12.7 to 10.8%. The relative priority given to higher education in allocation of resources in the Five Year Plans has also fallen significantly. While 14% of the total expenditure on education in the seventh Five Year Plan was allotted to higher education, it decreased to 11 % in the subsequent two annual plans and further to 8% in the eighth Five Year Plan. (Tilak, 1996).

Sustained international opposition to the prescriptions of the Washington Consensus Institutions and the increasing demand for cheap technically qualified manpower by developed countries themselves have now compelled the World Bank to partially revise its policy formulations on higher education .The UNESCO - World Bank Joint Task Force in its report(UNESCO ,2000) recognized the fact that higher education is the basic education of the twenty first century and that governments cannot wash their hands off this sector. The position was reiterated by the World Bank in its subsequent studies (World Bank 2002), by calling for greater public-private partnership in higher education. But the new policy has made little impact on policy makers, across the world, who continue to go by the old, discredited policy perspective of the Bank. The Ambani –Birla Report (2000) reiterated the old policy of the World Bank and the Supreme Court of India upheld the same principles in its epoch-making judgment in TMA Pai Foundation Case (2002). The same sentiment has been echoed by the Xth Five Year Plan document which has recommended that the universities must make greater efforts to supplement resources from Government. (Government of India, 2002)

## Public investment

A sensible national policy on financing higher education has to take into account the pivotal place of higher education in the present context of national development and the inadequacy of the opportunities available for meeting the new requirement. It is well known that the emerging knowledge economy is dependant on human capital development which calls for universal access to quality education at all levels, including higher education. That education is a continuum in which primary, secondary and higher education play mutually complementary roles has now been widely recognized. It is also clear that India has to go a long way in improving the qualitative and quantitative dimensions of higher education. This cannot be done by merely opening up the higher education sector to market players. In a country where 26%of the population live below the poverty line, markets will not be able to attract sufficient numbers of young men to higher education. Moreover, market orientation will lead to skewed development, by patronizing only courses and programmes which have immediate market value and neglecting theoretical studies and fundamental research, which are important for long term sustained development. This calls for greater financial involvement on the part of the central and state governments to ensure sustainable development in higher education.

## Private Participation

Education, especially higher education, has never been the sole responsibility of the state in India. Private initiative has always been welcomed by the people and the governments. But there is a world of difference between private involvement in the earlier decades and the new wave of private investment .While the earlier intervention was philanthropic in nature, the new mode is market oriented. This has lead to

the mushrooming of higher education institutions, especially in the professional sector in which the courses have immediate market value. For example, both in terms of institutions and intake in engineering at the undergraduate level, the percentage of institutions and enrolment of the private sector in the total has gone up from 76% in 1999-2000 to 85% in 2003-04.Now we have 977 engineering and technology institutions in the country in the government sector and 764 in the private sector. Corresponding figures in the Medicine is 1349 and 1028, Management Courses at the Masters level 505 and 324 and Teacher Education 1541 and 1038 (NIEPA, 2005). As Philip G.Altbach has pointed out, while about 80% of the students in the United States attend public institutions of higher learning and only 20% depend on private institutions, the reverse figures are applicable to Asian countries

The unprecedented growth of the self-financing sector as against the government and aided sector is socially divisive and academically cancerous. A system of access based on financial merit as against academic merit can accelerate the prevailing social tensions by inviting the wrath of those sections of the population who cannot raise the resources required for higher education, which is the stairway to success in the knowledge driven economy. A system of admission based on financial considerations could also exclude a vast majority of meritorious candidates and include mediocre aspirants on the strength of their purse, with its attendant adverse impact on the quality of higher education imparted. Both societal and academic considerations necessitate a reorientation of the present strategies for development in higher education.

Ours is perhaps the only country in the world where students not only pay the entire recurring cost, but also a portion of the capital investment in higher education. In most other developing and developed countries, students are required to pay only a portion of the recurring expenditure, even in private institutions. The Supreme Court of India (2002), while continuing to define imparting education as "a charitable activity", has permitted private educational institutions to make a "reasonable surplus" from the tuition fee paid by the students on condition that the surplus is invested in the institution for its future expansion. This leaves little room for the practice of charity. Students are made to meet not only expenses incurred in for their studies, but also that of prospective students. The Supreme Court appears to have been more concerned about entrepreneurial rights in the field of education than about the rights of individual citizens to education. As Justice Krishna Iyer has pointed out, there is little difference between profiteering which the court disallows and profit making which the court allows.

## Resource Mobilization

Educational reforms should aim at simultaneously promoting equity and excellence in higher education. There should in fact be recognition of the principle that excellence is indivisible from equity. At the same time, we should also ensure that adequate resources are raised for the qualitative and quantitative expansion of higher education to the desired levels at the earliest. We need to invent a system of financing that could promote expansion, diversification, equity and excellence in higher education. This calls for grater public and private participation in higher education. But the Government, aided and unaided streams should be kept separate and distinct. A healthy competition among the three streams could go a long way in ensuring both equity and excellence. The present tendency to mix up public and private streams will lead to private appropriation of public assets. Hence starting of unaided courses in aided colleges and of aided courses in unaided colleges should be strictly forbidden. There should be greater degree of state spending on education and a greater degree of regulatory intervention to rein in the predatory instincts of private entrepreneurs. While private initiative in higher education should be welcome,

the power to regulate higher education should rest with public institutions. The concept of Private Universities has no place in a system that relies on public regulatory intervention to ensure equity and excellence. While academic collaboration between reputed foreign universities and Indian universities has to be encouraged, such collaboration has to be worked out within the parameters of the national regulatory mechanisms. We should refuse to join the GATS regime which is intended to facilitate commercialization of education at the international level. Multi-nationalization of higher education should aim at creative collaboration for academic innovation rather than commercial exploitation through academic colonization. Educational investment on the part of the central and state governments should be raised to levels prevailing in most of the developed nations. This implies that at lest 6% of the GDP should be spent on education of which 1.5 to 2% should be set apart for higher education. The Central Government should set apart at least 10% of its budgetary expenditure and the state government 30% of their budget share on education ,of which 25 to 33% should be earmarked for higher education. The present rate of 2% cess on education can be doubled and a new graduation tax could be levied from prospective employers, exclusively for financing higher education. Institutions should be encouraged to raise contributions from the alumni and generate funds by taking consultancy services without compromising equity and excellence.

While welcoming private investment in higher education, education at all levels should be kept out of bounds for fortune hunters. Necessary legislation has to be made by the Parliament to regulate admission and fees in private higher educational institutions. Only those who are willing to make some sacrifices by contributing a major chunk of the capital expenditure should be allowed to run educational institutions. A differential fees structure should be introduced in all higher educational institutions, Government, aided and self-financing, on the basis of the parental capacity to pay .A Committee as envisaged in the Islamic Academy judgment should be entrusted with the task of fixing the average of the recurring institutional expenditure in professional and non-professional courses for each state in Government /aided and unaided institutions. Only the recurring cost of education should be levied from students even in self-financing colleges. Government and aided instructions could levy fees to cover 20% of the recurring expenditure as recommended by Punnayya Committee(UGC ,1993).The amount thus fixed ,separately for government/aided and unaided institutions from time to time, should be shared in the ratio of 0:1:2:4 among the students categorized in the ratio of 1:3:3:3. Admissions should be made strictly on the basis of merit, subject to the conditions imposed by the reservation policy prevailing in the state. A system of need based scholarships and loans at nominal rates of interest should also be introduced to assist needy students. For this purpose it would be desirable to set up an Educational Development Bank with equity participation from government and private sector.

*References*

Ambani, M.and K.Birla (2000) Report on a Policy Framework for Reforms in Education, Government of India, New Delhi

Government of India (1997) in India, Discussion Paper, Department of Economic Affairs, Government of India, New Delhi

Government of India (2002) Tenth Five Year Plan, 2002-07, Planning Commission, New Delhi

NIEPA (2005) A Two Days' Conference of Ministers of State Governments of Higher and Technical Education, Background Paper, NIEPA, New Delhi

Supreme Court of India (2002) TMA Pai Foundation &Ors Vs.State of Karnataka &Ors,New Delhi.

Tilak, J.B.G. (1996), Higher Education under Structural Adjustment Journal Of Indian School of Political Economy, (April-June):266-93

UGC (1993) UGC Funding of Institutions of Higher Education, Report of Justice Dr.K.Punnayya Committee ,UGC ,New Delhi

UNESCO (1995) The Policies for change and Development of Higher Education, UNESCO, Paris

UNESCO (1998) Higher Education in the Twenty First Century: Vision and Action, Final Report, World Conference on Higher Education, UNESCO, Paris. 1998.

UNESCO (2002) Higher Education in Developing Countries: Peril and Promise, The Task Force on Higher Education and Society, World Bank, Washington DC

UNESCO (2004) Vision Statement, Conference on Quality Education for All young People, UNESCO, Geneva.

World Bank, (1994). Higher Education: Lessons from Experience, Washington, D.C.

World Bank, 2002). Constructing Knowledge Societies: New Challenges for Tertiary Education, Washington, D.C.

# Equitable and Sustainable Development

**Venkatesh Athreya**

Prof. & Head, Department of Economics, Bharathydasan University, Thrissinapally

**For sustainable and equitable development is resistance to LPG policies and campaigning for an alternatives set of policies to promote equity and ecological sustainability.**

It is being increasingly realized that while the world has seen remarkable scientific and technological progress over the last two centuries, the process of socio - economic development accompanying such progress have been problematic in many ways. In two important respects, it can be said that the dominant model of development faces a serious crisis. Firstly, while a few countries or more accurately, a rich minority located in these countries (and an even more miniscule minority elsewhere) benefited from the global development process of the 19th and 20th centuries, a large majority of countries and peoples of the world, including in the benefiting countries, were either not benefited at all or suffered as victims of the process of colonialism and immiserization in various forms. Secondly, the uncontrolled pursuit of profit under the dominant system of capitalist development has led to an enormous destruction of nature and an ecological crisis.

It is therefore no surprise that popular movements across the world in both the developed capitalist countries and the ex-colonial underdeveloped countries - have raised the slogan of "equitable and sustainable development"

How does one understand the concepts of sustainability and equity? What are the social, political and economic conditions that would make "equitable and sustainable development"? While these are very complex questions to which no simple answers are readily available, we shall explore these questions in an elementary way in this note in the specific context of the ongoing process of the hegemonic globalization.

Globalization involves the opening up of the economies of the entire underdeveloped world and the former socialist countries of the world to unfettered exploitation by the giant Trans - National Corporations (TNCs). Globalization,

under the aegis of the unholy trinity of World Bank, International Monetary Fund (IMF) and the World Trade Organization (WTO), acting on behalf of the rich club of G-7 countries and their TNCs, seeks to impose a regime of uncontrolled movements of private capital into and out of countries in search of quick profits through speculative transactions in the stock markets, currency markets and debt markets. It also insists that countries remove all restrictions on the operations of private capital and that they allow foreign capital access to the country's natural resources including biological and mineral materials. Above all, their insistence on policies of liberalization, privatization and globalization (LPG) is in order to the ensure the pursuit of private profit to the exclusion of all else.

Such a policy regime as advocated and imposed by the globe's powerful countries and forces is clearly contrary to the goals of equity and sustainability. It implies a complete disregard for the preservation of natural resources and protection of environment. With private profit as the only goal, the social costs of market processes (Such as, for instance, the pollution of water courses by a factory) tend to be ignored. Biodiversity and the conservation of bio - resources are seen as subordinate to goal of private profit. Sustainability, in the sense of the use of natural resources in such a way that the needs of the present generation are addressed without compromising the needs of future generations, is the first casuality of unfertterd capitals development in the framework of contemporary globalization.

Capitalism in general and capitalist globalization in particular sharply accentuate inequality, economic, social and political. By weakening the States of the third world countries - and not "the State - in-general" - it increases international political inequality. By strengthening the rule of a small elite favouring globalization policies in third world countries, it weakens democracy and enhances political inequlity with in those countries as well.

As we all know from our experience in India and elsewhere, it also greatly enhances economic inequality and promotes concentration in the distribution of wealth and income. By weakening the role of the state in the third world, it makes it nearly impossible to pursue policies to reduce social inequality through such measures as reservations.

The logic of what has been said in this *Note* is that a precondition for sustainable and equitable development is resistance to LPG policies and campaigning for an alternatives set of policies to promote equity and ecological sustainability.

Speech delivered at AKPCTA, 47 th State Conference


**ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്**

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

ഓരോ ബ്രാഞ്ചിലെ മൊത്തം വരിക്കാരുടെ എണ്ണം അടിയന്തിരമായി അറിയിക്കുക. അംഗങ്ങളല്ലാത്ത വരിക്കാരുടെ വരിസംഖ്യ എത്രയും പെട്ടെന്ന് മാനേജിംഗ് എഡിറററുടെപേർക്ക് അയയ്ക്കുക.

വാർഷിക വരിസംഖ്യ 75 രൂപ മാത്രം

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

ചീഫ് എഡിറററുടെ വിലാസം: **എസ്. ജയരാജ് കുമാർ,** ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം - 695 011 (ഫോൺ - 0471-2440004)

മാനേജിംഗ് എഡിറററുടെ വിലാസം: **വി. ജയകുമാർ,** ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരുവനന്തപുരം- 695 018, ഫോൺ: 0471-2491432

ഓഫീസ്: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ തിരുവനന്തപുരം - 695 035, ഫോൺ - 0471-2463494, Fax: 0471-2468984. e-mail:akpcta@sancharnet.in

www.akpcta.org

# അറിവിന്റെ രാഷ്ട്രീയം

**ഡോ. രാജൻ ഗുരുക്കൾ**

ഡയറക്ടർ, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്, എം.ജി യൂണിവേഴ്സിററി

**6 വയസ്സായ ചെക്കൻ 40 വയസ്സായ കടക്കാരനോട് പറയുന്നു “ എന്റമ്മയ്ക്കാടോ മണ്ടച്ചാരേ” എന്ന്. ഏതു വീട്ടിലാണങ്ങനെയൊരു കുട്ടിയുണ്ടാവുക. അതു പരസ്യത്തിൽ മാത്രമേയുണ്ടാകൂ. നമ്മുടെ സമൂഹത്തിനു നിരക്കാത്ത പുതിയ ഒരു ethics പരസ്യം ഉണ്ടാക്കുകയാണ്. ചെരുപ്പു വാങ്ങിക്കുന്ന പയ്യന്റെ ധാർഷ്ട്യം, - അധാർമ്മികത ശ്രദ്ധിക്കുക.**

1984-ൽ ഫ്രെഡറിക് ജെയിംസൺ ഒരു പുസ്തകം പ്രകാശനം ചെയ്തു. Signatures of late capitalism എന്നാണതിന്റെ പേര്. അതിൽ തികച്ചും അപ്രതീക്ഷിതമായ മേഖലകളിൽ അധുനാതന മൂലധന വ്യവസ്ഥ ചാർത്തിയ മുദ്രകളെപ്പററി പറയുന്നു. അതിലൊന്ന് ഉന്നതവിദ്യാഭ്യാസമാണ്. ഉന്നതവിദ്യാഭ്യാസത്തിൽ വളരെ നിഗൂഢമായ രീതിയിൽ late capitalism ത്തിന്റെ മുദ്ര ആഴത്തിൽ പതിഞ്ഞിരിക്കുന്നു എന്ന ഒരു നിരീക്ഷണം മററു പലരും നടത്തിയിട്ടുണ്ട്. ഏററവും അടുത്തിടെ ഡേവിഡ് ഹാർവെ എന്നൊരു പണ്ഡിതൻ ഈ ഭൂമി മുഴുവനും തന്നെ മൂലധനവ്യവസ്ഥയുടെ ചിഹ്നം (signature) ആണെന്ന് പറഞ്ഞു. ഒരു ചെറിയ പന്തെടുത്തു sign ചെയ്ത് മുന്നോട്ടിടുന്നതു പോലെ ഭൂമിയെ അപ്പാടെ തന്നെ capitalism കയ്യിലെടുത്തു ഒപ്പിട്ടു മാററി വച്ചിരിക്കുകയാണ്. അറിവിന്റെ മേഖലയിൽ നടക്കുന്ന അരാഷ്ട്രീയവത്കരണത്തെപ്പററിയാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. അല്ലെങ്കിൽ അരാഷ്ട്രീയവത്കരിക്കപ്പെട്ട ഉന്നതവിജ്ഞാനം കൈകാര്യം ചെയ്യുന്ന ഒരു പ്രക്രിയയിൽ, നാം അറിയാതെ തന്നെ പഠിപ്പിക്കൽ എന്ന ഒരു തൊഴിലിലൂടെ സമൂഹത്തെ അപ്പാടെ അരാഷ്ട്രീയവത്കരിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ തിരിച്ചറിയാൻ പററാത്തവിധം ഓരോന്ന് ചെയ്യുന്ന സാഹചര്യം ഉള്ളതുകൊണ്ടാണ് അപ്രതീക്ഷിതമായി ചില മേഖലകളിൽ പൊടുന്നനെ late capitalism ത്തിന്റെ signature കാണുന്നുവെന്ന് ചില ചിന്തകർ പറഞ്ഞത്.

വാസ്തവത്തിൽ ഉന്നതവിജ്ഞാനം എന്നു പറയുന്നത് ഉന്നതമായ വിമർശാവബോധം സൃഷ്ടിക്കുന്ന അറിവാണ്. രാഷ്ട്രീയബോധം ഉണ്ടാക്കുന്ന ജ്ഞാനാസ്പദം ആണ് അതിൽ നിന്നുണ്ടാകുന്നത്. ഉന്നതവിദ്യാഭ്യാസം നേടുന്ന ഒരാൾ സ്വാഭാവികരീതിയിൽ തന്നെ രാഷ്ട്രീയബോധമുള്ള ആളായിരിക്കും എന്നാണതിന്റെ അർത്ഥം. ഉന്നതവിജ്ഞാനം ഏററവും കൂടുതൽ വികസിച്ചത് മൂലധന വ്യവസ്ഥയിലാണ് എന്നു നമുക്കൊക്കെ അറിയുകയും ചെയ്യാം. അതുകൊണ്ട് മൂലധന വ്യവസ്ഥ ഏററവും കൂടുതൽ ശ്രദ്ധിച്ച ഒരു മേഖല ഉന്നതവിദ്യാഭ്യാസമാണ്. അവിടെ ഉന്നത വിദ്യാഭ്യസം കൊണ്ട് ഉയർന്ന വിമർശാവബോധം ഉണ്ടാകാൻ പാടില്ല. ആളുകൾക്ക് സ്ഥിതിഗതികളുടെ ഉള്ളിലിരുപ്പ് മനസ്സിലാകാൻ പാടില്ല. സാമാന്യബുദ്ധികൊണ്ട് സാധാരണക്കാർക്ക് മനസ്സിലാകുന്നതിനപ്പുറം മറെറാന്നും തന്നെ ഉന്നതവിദ്യാഭ്യാസം നേടിയവർക്ക് ഉണ്ടാകാൻ പാടില്ല. ഇതാണ് കാപ്പിററലിസ്ററ് അജന്റ.

ആത്മവിമർശപൂർവ്വം നാമോരോരുത്തരും അവരവരുടെ അവഗാഹമേഖലയെ ഒന്നു പരിശോധിച്ചു നോക്കിയാൽ എത്രമേൽ നാം ഓരോരുത്തരും അതത് വിജ്ഞാനത്തിന്റെ മണ്ഡലത്തിൽ അരാഷ്ട്രീയവത്കരിക്കപ്പെടുന്നു എന്നു മനസ്സിലാകും. അതാണ് യഥാർത്ഥത്തിൽ ആഗോളമൂലധന വ്യവസ്ഥ പ്രതീക്ഷിക്കുന്നതും; അതുറപ്പു വരുത്താൻ വേണ്ടി നിതാന്തമായ ജാഗ്രത പുലർത്തുന്നതും. അങ്ങനെ മൂലധന വ്യവസ്ഥ ജാഗ്രത പാലിച്ചു കൊണ്ടിരിക്കുന്ന ഒരു മേഖലയിൽ ജോലി ചെയ്യുന്നവർ എന്ന നിലയ്ക്കും ഭൂരിഭാഗം പേർക്കും തിരി

ച്ചറിയാനാവാത്ത വിധം ആ വ്യവസ്ഥിതിയെ സഹായിച്ചുകൊണ്ടും വ്യവസ്ഥിതിയെ കൂടുതൽ ശക്തിമാക്കിക്കൊണ്ടും നാം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയേണ്ടതാവശ്യമാണ്. ഉന്നതവിദ്യാഭ്യാസമേഖല അരാഷ്ട്രീയവത്കരിക്കപ്പെടുന്നതെങ്ങനെ എന്ന ചോദ്യമല്ല ഇവിടെ വിഷയം. അതെത്രമേൽ നിഗൂഢമായ രീതിയിലാണ് ലോകം മുഴുവനും വ്യാപിച്ചും ഓരോ വ്യക്തിയുടെയും ധിഷണയിലേക്ക് അതിസംക്രമിച്ചും ആ വ്യക്തി തന്നെ അറിയാതെ അയാളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് സൂചിപ്പിക്കുകയാണ്.

ആദ്യം. അർത്ഥം തിരിച്ചുപിടിക്കേണ്ടുന്ന ഒരു പദമായിരിക്കുന്നു 'രാഷ്ട്രീയം' എന്ന വാക്ക്. അതൊരു ചീത്തവാക്കായി കാണുന്നു. അതുകൊണ്ടാണ് ഒരു ന്യായാധിപന് രാഷ്ട്രീയം നിരോധിക്കാൻ കഴിയുന്നത്. നല്ല സ്വഭാവക്കാർക്ക് രാഷ്ട്രീയത്തിൽ താല്പര്യമുണ്ടാകാൻ പാടില്ല എന്നൊക്കെയാണ് പൊതുവേ പലരുടെയും ധാരണ. അതുകൊണ്ട് ഈ സന്ദർഭത്തിൽ 'രാഷ്ട്രീയം' എന്ന വാക്കിനെ പുനർനിർവ്വചിക്കേണ്ടിയിരിക്കുന്നു. ചില ആളുകളുടെ ധാരണ രാഷ്ട്രീയം അനീതിയോ അക്രമമോ ക്രമവിരുദ്ധമായ പെരുമാററമോ ഒക്കെയാണെന്നാണ്. അതുകൊണ്ടു തന്നെ ചിലയാളുകൾ രാഷ്ട്രീയം എന്ന വാക്ക് പറയാറില്ല. ചിലർ 'അക്രമ രാഷ്ട്രീയം' എന്നാണ് പറയുന്നത്. അക്രമമുണ്ടോ അത് അരാഷ്ട്രീയമാണ് അല്ലാതെ അക്രമരാഷ്ട്രീയം എന്നൊന്നില്ല. ഒരു ജനതയെ അപ്പാടെ അരാഷ്ട്രീയവത്കരിച്ചതിനു ശേഷം മാത്രം സാധിക്കുന്നതാണ് ഇതുപോലെയുള്ള പ്രയോഗങ്ങൾ. യഥാർത്ഥത്തിൽ രാഷ്ട്രീയം എന്നതു കൊണ്ട് രാഷ്ട്രമീമാംസയും സാമൂഹ്യമാനങ്ങളും അർത്ഥമാക്കുന്നത് സാമൂഹ്യപുരോഗതിയ്ക്കായി സംഘടിച്ചു പ്രവർത്തിക്കുക എന്നതാണ്. സമൂഹത്തിന്റെ അത്യുന്നതിലാക്കാക്കി വ്യഷ്ഠി തലം വിട്ടു സമഷ്ഠിതലത്തിൽ മാത്രം ശ്രദ്ധയൂന്നി സ്വാർത്ഥത്തിൽ കവിഞ്ഞ സേവനബോധത്തോടെ പ്രവർത്തിക്കുന്ന ആളെ ബഹുമാനപൂർവ്വം വിളിക്കുന്ന പേരാണ് രാഷ്ട്രീയക്കാരൻ/രാഷ്ട്രീയക്കാരി എന്നത്. അതൊരു വിലപ്പെട്ട പദമാണ്. അർത്ഥപൂർണ്ണമായ രാഷ്ട്രീയപ്രവർത്തനത്തിന് അറിവ് ആവശ്യമാണ്. കാരണം ചുററുപാടുകളെ കാണുന്ന ഒരു വെറും കാഴ്ചയുടെ അടിസ്ഥാനത്തിലല്ല രാഷ്ട്രീയപ്രവർത്തനം നടത്തുന്നത്. അത് അപഗ്രഥിതഗോചരങ്ങളായ കാര്യങ്ങളെ മുൻ നിർത്തിയുള്ള സംഘടിതമായ ഒരു മുന്നേററമാണ്. അത് വ്യക്തിയിൽ ക്രമാനുഗതമായി വികസിച്ചുവരുന്ന ഒരു പക്വതയാണ്. ആദ്യം ചുററുപാടും നടക്കുന്നതിനെ സാമാന്യബുദ്ധികൊണ്ട് അറിയുന്നു. അതിൽ വരുന്ന ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും അയാളിൽ വൈകാരികമായ അനുരണനം സൃഷ്ടിക്കുന്നുണ്ട്. പ്രത്യക്ഷമായ സൂചകങ്ങൾ വച്ചുകൊണ്ടു പ്രത്യക്ഷമല്ലാത്ത സൂചിതത്തിലേക്കയാൾ എത്തിച്ചേരുന്നു. അറിവ് തിരിച്ചറിവായി മാറുന്നു. തിരിച്ചറിവുണ്ടാകുമ്പോൾ ഇടപെടാതിരിക്കാൻ കഴിയില്ല. തിരിച്ചറിവോടുകൂടിയ ഇടപെടലാണ് രാഷ്ട്രീയം.

ഒരാൾ ഉന്നതവിദ്യാഭ്യാസം നേടിക്കഴിഞ്ഞിട്ടുണ്ടോ എന്നറിയാൻ ഒററചോദ്യം മതി, അയാൾക്ക് രാഷ്ട്രീയ ബോധമുണ്ടോ എന്ന്. രാഷ്ട്രീയബോധമില്ലേ.... കേവല കാര്യവിവരമേ ഉണ്ടാകൂ. കേവലകാര്യവിവരമുള്ളയാളും ക്ളാസ്സിൽ പോകും. അക്കാര്യങ്ങളൊക്കെ ചെയ്യാൻ പറഞ്ഞാൽ ചെയ്യും. അതിനപ്പുറം അയാളൊരു 'നിർഗുണപരബ്രഹ്മം' ആയിരിക്കും. ആർജ്ജിച്ച അറിവ് അയാളിൽ ഒരു ഒപ്പ് ചാർത്തിയിട്ടുണ്ടാവില്ല. അവനവന്റെ വിശേഷാവഗാഹ മേഖലയിൽ തിരിച്ചറിവിന്റെ മുദ്ര പതിഞ്ഞിട്ടുണ്ടാവില്ല. തിരിച്ചറിവു വന്നാൽ അടങ്ങിയിരിക്കാൻ കഴിയില്ല. ഇടപെടുക തന്നെ ചെയ്യും. അപ്പോൾ അയാൾ രാഷ്ട്രീയക്കാരനായി. ഉന്നത വിദ്യാഭ്യാസം തിരിച്ചറിവിന്റേയും ഇടപെടലിന്റെയും മണ്ഡലമാണ്. ഗൗരവപൂർവ്വമുള്ള ആലോചനകളായിരിക്കണം അവിടെ നടക്കുന്നത്. മനുഷ്യൻ ഗൗരവപൂർവ്വം ആലോചിക്കുമ്പോഴാണ് theory ഉണ്ടാകുന്നത്. സിദ്ധാന്തങ്ങൾ ചർച്ച ചെയ്യുന്ന ഇടമാണ് ഉന്നതവിദ്യാഭ്യാസ മേഖല. നിലവിലുള്ള സ്ഥിതിഗതികളിൽ വിമർശാവബോധം ഉണ്ടാകുകയും അസ്വീകാര്യമായതിനോടു പ്രതികരിക്കുകയും ആളുകളെ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും. അങ്ങനെയുള്ളവർക്ക് നമ്മുടെ നാട്ടിലൊരു പേരുണ്ട് - activist. (ആക്ടിവിസ്ററ് എന്ന പദംപോലും മോശപ്പെട്ട വാക്കായി കാണുന്നവരുണ്ട്.) ചില ഡോക്ടർമാരൊക്കെ പറയാറുണ്ട് അയാളൊരു activist ആണ് എന്ന്. ഏത് ഉന്നതവിദ്യാഭ്യാസം നേടിയയാളും ഒരു activist ആകും. ഓരോ വിഷയം പഠിപ്പിക്കുന്നയാളും സ്വയം ചോദിക്കുക ഞാനൊരു activist ആണോ എന്ന്. ആക്ടിവിസ്ററുകളുടെ എണ്ണം നോക്കി ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കാം. എഞ്ചിനീയറിംഗ്, മെഡിസിൻ, സാമൂഹ്യശാസ്ത്രവിഷയങ്ങൾ, ഭാഷാശാസ്ത്രവിഷയം തുടങ്ങിയവയിൽ activist കളുടെ എണ്ണം നോക്കിയാൽ ഉന്നതവിദ്യാഭ്യാസം സജീവമാണോ എന്നറിയാം. അവിടെയൊക്കെ എണ്ണം വിരളമാണ്. Capitalism ത്തിന് ഇതു നിയന്ത്രിക്കാൻ കഴിയുന്നു. അതാണ് മൂലധനവ്യവസ്ഥയുടെ വിജയരഹസ്യം.

എല്ലാം അരാഷ്ട്രീയവത്കരിച്ചു ചൊൽപ്പടിക്കു നിർത്താൻ കഴിഞ്ഞതാണതിനു കാരണം.

ഉന്നതവിദ്യാഭ്യാസരംഗത്ത് മൂലധനവ്യവസ്ഥ ചാർത്തിയിട്ടുള്ള പ്രധാനമുദ്രകളായി പണ്ഡിതന്മാർ തിരിച്ചറിഞ്ഞത് ഇവയാണ്.

1. മേൽപ്പറഞ്ഞ depolitisization of Knowledge
2. Incomprehensible strategies of containment
3. Mystification through science and technology with recuperation of magic.

യുക്തിപൂർവ്വം ചിന്തിക്കുന്നതിനുള്ള കഴിവ് ജനതയ്ക്ക് നഷ്ടപ്പെട്ടുപോവുക. ഇന്ന് ഒരുപാട് ആളുകൾക്ക്

അതിന് കഴിയാതെ പോകുന്നുണ്ട്; ശാസ്ത്രം പഠിച്ചിട്ടു പോലും. ചിലപ്പോൾ ശാസ്ത്രജ്ഞനൊപ്പെയൊവും. നമ്മുടെ സമൂഹത്തിൽ ശക്തമായി പ്രവർത്തിക്കുന്ന പരസ്യങ്ങൾ ശ്രദ്ധിച്ചുനോക്കിയാലറിയാം. 60-കളിൽ ഒരു toothpaste ന്റെ പരസ്യം ഒരു തരം ക്ളോറോജെൽ ഇതിലടങ്ങിയിട്ടുണ്ടെന്ന് പറഞ്ഞാണ് ആദ്യം പരസ്യം തുടങ്ങുന്നത്. പിന്നീടാണത് കോളിനോസ് പുഞ്ചിരിയിലേക്കു വരുന്നത്. അത് വിദ്യാഭ്യാസമുള്ളയാളിന്റെ യുക്തിയെയാണ് അഭിസംബോധന ചെയ്യുന്നത്. യുക്തിപൂർവ്വം ചിന്തിക്കാൻ ഒരുപാടാളുകൾക്ക് കഴിവു നഷ്ടപ്പെടുന്നുണ്ട്. ഒരു കെമിസ്റ്റ് ചില പ്രത്യേകരീതിയിൽ പരീക്ഷണനിരീക്ഷണങ്ങൾ നടത്തി ശാസ്ത്രലോകത്ത് അയാൾ വലിയ അംഗീകാരങ്ങൾ നേടിയെന്നിരിക്കും. അയാളുടെ ദൈനംദിന ജീവിതം ഒന്നു map ചെയ്തുനോക്കിയാലറിയും അയാൾ കെമിസ്ട്രി ലാബിൽ നിന്ന് പുറത്തിറങ്ങിയാൽ വേറെ ഒരു മനുഷ്യനായിരിക്കും. പരസ്യങ്ങൾ ശ്രദ്ധിക്കുക - എന്താണീ microwhitener? ഒരു ഫ്രിഡ്ജ്, ഇതിൽ വിശേഷപ്പെട്ട ഒരുതരം puff ഉണ്ടെന്ന് പറയുന്നു. എന്താണിത്? ജർമ്മൻ ഫോർമുല, കളർഗാർഡ് ഇതൊക്കെ എന്താണ്? ഏതു എൻജിനീയറാണ്, ഏതുകെമിസ്റ്റാണ്, ഏതു ഫിസിസിസ്റ്റ് ആണ് ഇത് അന്വേഷിക്കുന്നത്. യുക്തിഹീന ചിന്താമേഖല എത്ര ശക്തമായിട്ടുണ്ടെന്നറിയാൻ ഇത്തരം പരസ്യങ്ങൾ നോക്കിയാൽ മതിയാകും. ഈ തരത്തിലുള്ള ഒരുപാട് പ്രഖ്യാപനങ്ങൾ ആളുകളെ വിഡ്ഢിയാക്കുകയല്ലേ? അവിടെയാണ് അരാഷ്ട്രീയവത്കരണത്തിന്റെ ശക്തി. എത്രമേൽ നമ്മുടെ യുക്തിയുടെ കീഴടക്കൽ നടത്തുന്നു. ചിലപ്പോളിത്തരം പരസ്യങ്ങൽ മാനുഷിക മൂല്യങ്ങളേയും മറികടക്കുന്നു.

6 വയസ്സായ ചെക്കൻ 40 വയസ്സായ കടക്കാരനോട് പറയുന്നു " എന്റമ്മയ്ക്കാടോ മണ്ടച്ചാരേ" എന്ന്. ഏതു വീട്ടിലാണങ്ങനെയൊരു കുട്ടിയുണ്ടാവുക. അതു പരസ്യത്തിൽ മാത്രമേയുണ്ടാകൂ. നമ്മുടെ സമൂഹത്തിനു നിരക്കാത്ത പുതിയ ഒരു ethics പരസ്യം ഉണ്ടാക്കുകയാണ്. ചെരുപ്പു വാങ്ങിക്കുന്ന പയ്യന്റെ ധാർഷ്ട്യം, - അധാർമ്മികത ശ്രദ്ധിക്കുക. മുതിർന്നവരോട് പാലിക്കേണ്ട ചില വഴക്കങ്ങളെ തകിടം മറിക്കുകയും അടിസ്ഥാമൂല്യങ്ങളെ കാററിൽ പറത്തുകയും ഭാഷയെത്തന്നെ കലക്കുകയും, കലങ്ങിപ്പോയ ഭാഷകൊണ്ട് എന്തൊക്കെയോ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ ഉണ്ടാക്കിയെടുക്കുകയും ചെയ്യുക. എന്നാൽ ഈ പറഞ്ഞ late capitalisation കൊടികുത്തി വാഴുന്ന ഒരു രാഷ്ട്രത്തിലും മുതിർന്നവരോട് അനാദരവ് നമ്മൾ കാണുന്നില്ല. ഈ മൂന്നാം ലോകരാജ്യത്തിന് എന്താ പ്രത്യേകത. Late Capitalism ത്തിന് ഭാഷ കലക്കിക്കളയുന്ന ഒരു പരിപാടിയുണ്ടു് ആബേൽ ഗോപുരത്തിന്റെ കഥയിൽ ഭാഷ കലക്കിക്കളയുന്നില്ലേ; അതുപോലെ. പണ്ടൊക്കെ, കൊളോണിയലിസം, നിയോകൊളോണിയലിസം, imperialism എന്നൊക്കെ പറയാത്ത ഉത്പതിഷ്ണുവില്ല. ഇന്നിപ്പോൾ എത്രപേർ പറയുന്നു? അതിന്റെ ആവശ്യമില്ല. globalisation എന്ന വാക്ക് ഏതാൾക്കും എവിടെവച്ചും പറയാവുന്നതാണെന്നും അതൊരു അശ്ലീലശബ്ദമല്ലെന്നും ഒക്കെ വന്നിട്ടുണ്ട്. Imperialism inescapable ആണ് എന്ന് ഒരു മനുഷ്യനും പറയുകയില്ല. Imperialism എന്നോ നിയോ ഇമ്പീരിയലിസമെന്നോ പറയേണ്ടിടത്തെല്ലാം globalisation എന്ന ഒരൊററ വാക്കുമതി എന്നു വന്നിരിക്കുന്നു. അതുപോലെ ഗുണപരമായ വികസനത്തിന് development എന്നൊരു വാക്ക് നേരത്തേ നിഘണ്ടുവിലുള്ളതാണ്. W. W. റോസ്റോ (Rostow) ഇക്കണോമിക് സ്റേറജസ് ഓഫ് ഡെവലപ്പ്മെന്റ്'' എന്ന പുസ്തകമെഴുതിയതിന് ശേഷമാണ് development എന്ന വാക്കിന് വേറൊരു അർത്ഥം വന്നത്. എന്തിനും പറയാം development എന്ന്. എന്നാൽ യഥാർത്ഥത്തിൽ ആ വാക്ക്, സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദമെടുക്കുന്ന എല്ലാവർക്കും അറിയാം. അത് കേന്ദ്രീകൃത മൂലധനത്തിന്റെ അക്രമാസക്തരീതിയിലുള്ള പ്രവാഹത്തെയാണ് സൂചിപ്പിക്കുന്നത്. പ്രവഹിച്ച് അത് പാവപ്പെട്ടവന്റെ ഉപജീവനത്തെയും അതിജീവനത്തെയും ഒക്കെ തകർത്ത് കൊണ്ട് പോകുന്നതാണ്. അതിനെതിരെ സംസാരിച്ചാൽ തടയാൻ ചെന്നാൽ വികസനത്തെ തടയുന്നു എന്നുപറയും. കരിമണൽ ഖനനത്തിന്റെ പ്രശ്നം സർക്കാർ അങ്ങനെയാണ് വ്യാഖ്യാനിച്ചത്. ഒരു സ്ഥലത്ത് മോണോസൈറേറാ, ഇൽമനൈറേറാ ബോക്സൈറേറാ ഉണ്ടോ എന്നു മാത്രം നോക്കിയാൽപോര ഇത് പ്രോസസ്സ് ചെയ്യാൻ വേണ്ടി ആളുകളെ ഇറക്കിവിടുമ്പോൾ എന്താണ് സംഭവിക്കുന്നത്. പാവപ്പെട്ടവരുടെ ഉപജീവന അതിജീവന മേഖലകളിലേക്ക് ക്രൂരമായി അഭിസംക്രമിച്ചു നാശം വിതയ്ക്കുകയാണ്. അതിനെ ന്യായീകരിക്കുന്നത് പുതിയ സമ്പദ്ശാസ്ത്രം പറഞ്ഞുകൊണ്ടാണ്. ഒട്ടും യുക്തിബോധമില്ലാത്ത ഒരു ജനതയ്ക്കു മേലേ സിദ്ധാന്തത്തിന്റെ പേരിൽ ആശയ കാലുഷ്യം നടത്തുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ അരാഷ്ട്രീയവത്കരണം ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സഹായത്തോടെയുള്ള mystification ആയി മാറുകയാണ്. ഒരു കാലത്ത് അത് മന്ത്രവാദത്തിന്റെയും അന്ധവിശ്വാസത്തിന്റെയും രീതിയിലാണ് വർത്തിച്ചതെങ്കിൽ ഇന്ന് ഒട്ടും യുക്തിബോധമില്ലാത്ത എന്നാൽ അങ്ങേയററം വിദ്യാഭ്യാസം നേടിയ ഒരു ജനതയ്ക്കുമേലേ അതു തേർവാഴ്ച നടത്തുകയാണ്. ഇതിനെപ്പററിയൊക്കെ വേണ്ടത്ര തർക്കം നടക്കുന്നില്ല. അർത്ഥവത്തായ അഭിപ്രായങ്ങൾ പോലും കുറവാണ്. 'ഗോസിപ്പ്' മാത്രം.

നാം പഠിക്കുന്നത് തിരിച്ചറിവുണ്ടാകാനും തിരിച്ചറിവോടുകൂടി ഇടപെടാനുമാകണം. അല്ലെങ്കിൽ വിജയിക്കുന്നത് മൂലധനവ്യവസ്ഥയായിരിക്കും.

എ.കെ.പി.സി.ടി.എ [illegible]-ാം സംസ്ഥാന സമ്മേളനത്തിൽ നടത്തിയ പ്രസംഗം

*(തയ്യാറാക്കിയത്: പ്രൊഫ. നസീം. എം.)*

# *Key Concepts... Series from Routledge*













ROUTLEDGE Routledge
Taylor & Francis Group

Key Concepts in the Philosophy of Education
ISBN: 0415173043

Key Concepts in Eastern Philosophy
ISBN: 0415173639

Key Concepts in Communication, Cultural and Media Studies
ISBN: 0415268893

Key Concepts in Social and Cultural Anthropology
ISBN: 0415181569

Key Concepts in Cultural Theory
ISBN: 0415284260

Key Concepts in Cinema Studies
ISBN: 0415227402

Key Concepts in Television Studies
ISBN: 0415172373

Key Concepts in Language and Linguistics
ISBN: 0415157420

Key Concepts in Sport and Physical Education
ISBN: 0415231426

Key Concepts in Sport Psychology
ISBN: 0415253225

Key Concepts in Post-Colonial Studies
ISBN: 0415243602

Key Concepts in International Relations
ISBN: 0415228832

Key Writers on Art: From Antiquity to the Nineteenth Century
ISBN: 0415243025

Key Writers on Art: The Twentieth Century
ISBN: 0415222028

Eastern Philosophy, Key Readings
ISBN: 0415173582

**Price Rs. 295.00 Each**

FOUNDATION
BOOKS
www.foundationbooksindia.com

**FOUNDATION BOOKS PVT. LTD.**
C-22, "C" Block, Brigade MM, K.R. Road, Jayanagar, Bangalore-560070
Tel.: 56693388, 26764817, 26762764 Fax: 26761322 Email: cupbang@cupind.com

# **ലാഭത്തിന്റെ** മാത്രം സമവാക്യം തേടുന്ന **വിദ്യാഭ്യാസ മേഖല**

**ഡോ. എസ്.സതീശ്ചന്ദ്രൻ**
എസ്.എൻ.കോളജ്, ചെമ്പഴന്തി

**യൂണിവേഴ്സിററികളുടെയും കേന്ദ്രവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ജനാധിപത്യവും സ്വയംഭരണവും സംരക്ഷിക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യങ്ങളെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലാണ് കേന്ദ്രഗവൺമെന്റിന്റെ പല തീരുമാനങ്ങളും.സി. എം. പി യിലെ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ അതേപടി നടപ്പാക്കാൻ പ്രേരപ്പിച്ചാൽ മാത്രമേ ഇത്തരം പ്രശ്നങ്ങളെ ഒരു പരിധിവരെയെങ്കിലും പ്രതിരോധിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.**

വിദ്യാഭ്യാസത്തിന്റെ മാനവിക ദർശനം ഇല്ലാതാകുകയും പകരം ലാഭത്തിന്റെ സാധ്യതകൾ ആരായുകയും ചെയ്യുന്ന പുത്തൻ വിദ്യാഭ്യാസ നയം നമ്മുടെ രാജ്യത്തും അംഗീകരിക്കപ്പെടുന്നു. മാനവശേഷി മന്ത്രാലയത്തിന്റെ പല തീരുമാനങ്ങളും കോടതി വിധികളും ഏറെക്കുറെ മുകളിൽ പറഞ്ഞത് സാധൂകരിക്കപ്പെടുന്ന തരത്തിലാണ്.

ഇടതുപക്ഷ പിന്തുണയോടെ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന യു.പി. എ ഗവൺമെന്റ് കേന്ദ്രത്തിൽ 14 മാസങ്ങൾ പിന്നിട്ടു. പൊതു മിനിമം പരിപാടി (CMP) നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇടതുപക്ഷ പിന്തുണ. ഇതിനകം തന്നെ പൊതു മിനിമം പരിപാടിനടപ്പാക്കുന്നത് പലതും പുറത്ത് വന്നുകഴിഞ്ഞു. കേരളത്തിലെ യു.ഡി. എഫ് ഭരണം 5-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. നവോത്ഥാന പ്രസ്ഥാനങ്ങൾ അടിത്തറ പാകി ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പടുത്തുയർത്തിയ പൊതു വിദ്യാഭ്യാസ രംഗം തകർത്ത് സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കോടതി വിധിപോലും വിലകൽപ്പിക്കാതെ മുന്നോട്ടു പോയ സ്വാശ്രയ മാനേജർമാർക്ക് എല്ലാവിധ സംരക്ഷണവും നല്കുന്ന വിദ്യാഭ്യാസ മന്ത്രിയാണ് ഇ.ടി മുഹമ്മദ് ബഷീർ കോടതി നടപടികളിലൂടെ വിദ്യാഭ്യാസ കച്ചവടക്കാരെ നിയന്ത്രിക്കാനുള്ള വിദ്യാർത്ഥി കളുടെയും അദ്ധ്യാപകരുടെയും ശ്രമങ്ങളെ ക്രൂരമായി അടിച്ചമർത്തുകയാണ് ചെയ്തത്. കമ്പോളത്തെ അടിസ്ഥാനമാക്കി രൂപപ്പെട്ടിട്ടുള്ള രാജ്യാന്തര വിദ്യാഭ്യാസ കച്ചവടത്തിന് അനുകൂലമായ രീതിയിൽ ഇന്ത്യയുടെ വിദ്യാഭ്യാസ നയം ബോധപൂർവ്വം മാററിയെടുക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

പൊതുമിനിമം പരിപാടിയിലെ വിദ്യാഭ്യാസം സംബന്ധിച്ച വാഗ്ദാനങ്ങൾ അതേപടി നടപ്പാക്കാൻ കേന്ദ്രമാനവ ശേഷി മന്ത്രി അർജ്ജുൻ സിംഗിന് കഴിയുന്നില്ല. ഇത്തരം ഒരു സാഹചര്യത്തിലാണ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മാനവശേഷി മന്ത്രാലയം കൈക്കൊണ്ട പല തീരുമാനങ്ങളും വിലയിരുത്തപ്പെടേണ്ടത്.

കേന്ദ്രവിദ്യഭ്യാസ ഉപദേശക ബോർഡിന്റെ (CABE) യോഗത്തിൽ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസും പ്രവേശനമാനദണ്ഡവും നിശ്ചയിക്കുന്നതിന് മാനവശേഷി മന്ത്രാലയം തയാറാക്കിയ നിയമത്തിന്റെ കരട് വിതരണം ചെയ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം അറിഞ്ഞശേഷം കരടിൽ മാററങ്ങൾ വരുത്തി നിയമ മന്ത്രാലയത്തിന്റെ അംഗീകാരത്തിനും അതിനു ശേഷം പാർലമെണ്ടിലും അവതരിപ്പിക്കും. മാനേജുമെന്റുകൾക്ക് അനുകൂലമായ പല വ്യവസ്ഥകളും ഉൾക്കൊള്ളുന്നതാണ് കരട് നിയമം. മാനേജ്മെന്റ് ക്വാട്ടയിൽ 50% ത്തിൽ കൂടുതൽ സീററ് നീക്കിവെക്കാം. ന്യൂനപക്ഷ സ്ഥാപനം സംബന്ധിച്ച്

കൃത്യമായ നിർവചനം നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മാനേജുമെന്റുകൾക്ക് വളരെ അനുകൂലമായ വ്യവസ്ഥകളാണു കരടുബിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെ നിയന്ത്രിക്കുന്നതിന് സമഗ്രമായ ഒരു കേന്ദ്ര നിയമം വേണമെന്നത് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ദീർഘനാളത്തെ ആവശ്യമാണ്. ഈ ആവശ്യത്തിന്മേൽ വിദ്യാർത്ഥികൾ നടത്തിയ തീക്ഷ്ണമായ പോരാട്ടങ്ങളെ എക്കാലവും സ്മരിക്കപ്പെടും. 2004 കേരള നിയമസഭ പാസാക്കിയ സ്വാശ്രയ നിയമം മാനേജ്മെന്റുകൾക്ക് 50% സീററുകളിലാണ് പ്രവേശനം നടത്താനുള്ള സ്വാതന്ത്ര്യം വ്യവസ്ഥ ചെയ്തിരിക്കുന്നത്. 50% സീററുകളിൽ സർക്കാർ കോളേജിന് തുല്യമായ ഫീസ് നിരക്ക് ഏർപ്പെടുത്തുന്നതിന് കൊണ്ടുവന്ന നിയമം ആവശ്യമായ ഭേദഗതികൾ വരുത്തി ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാർ ഇതുവരെയും നിറവേററിയിട്ടില്ല. പുതിയ കേന്ദ്രനിയമം പാർലമെന്റിൽ അവതരിപ്പിക്കാൻ പോകുന്ന സാഹചര്യത്തിൽ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ട ആവശ്യത്തിന് പ്രസക്തിയില്ലാതായിരിക്കുന്നു. കേരളത്തിലെ സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഇത്തരം ഒരു സമീപനം സ്വീകരിച്ചിട്ടുള്ളത്

ഈ സന്ദർഭത്തിൽ കർണ്ണാടകത്തിലെ പ്രൊഫഷണൽ കോളജ് പ്രവേശനം സംബന്ധിച്ച് സംസ്ഥാന സർക്കാരും മാനേജ്മെന്റുകളും സംഘടനയും (കൊമഡ് കെ)യും തമ്മിലുണ്ടാക്കിയ ധാരണ സുപ്രീംകോടതി അംഗീകരിച്ചത് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. കഴിഞ്ഞവർഷം മെഡിക്കൽ വിദ്യാഭ്യാസത്തിൽ സർക്കാരിന് 60 ശതമാനം സീററ് ലഭിച്ചിരുന്നതെങ്കിൽ പുതിയ ധാരണ അനുസരിച്ച് 50 ശതമാനം മാത്രമേ ഇനി ലഭിക്കുകയുള്ളൂ.

കർണ്ണാടക ഗവൺമെന്റ് മാനേജ്മെന്റുകൾക്ക് വിട്ടുവീഴ്ച ചെയ്തുകൊടുത്തുകൊണ്ടാണ് നിയമം കർണ്ണാടകത്തിൽ നടപ്പാക്കാൻ പോകുന്നത്. അവിടെ ഭരിക്കുന്നത് കോൺഗ്രസ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണ്

കേരളത്തിലെ ബി. എഡ് കോളജ് പ്രശ്നത്തിലെ സുപ്രീം കോടതി വിധിയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ എതിർപ്പില്ലാ രേഖ കൂടാതെ തന്നെ ബി. എഡ് കോളജ് തുടങ്ങുന്നതിനുള്ള അനുമതിക്കായി സ്വകാര്യ മാനേജ്മെന്റുകൾക്ക് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജുക്കേഷനെ സമീപിക്കാൻ കഴിയുന്ന തരത്തിലാണ് കോടതി വിധി എ.കെ. ആന്റണിയുടെ കാലത്ത് പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചവർക്ക് മുഴുവനും NOC കൊടുത്ത വിവാദങ്ങൾ ഇതുവരെയും കെട്ടടങ്ങിയിട്ടില്ല. പുതിയ കോളേജുകൾ സംസ്ഥാനത്ത് ആവശ്യമുണ്ടോ എന്ന് തീരുമാനിക്കാനുള്ള അവസരംപോലും സർക്കാരിന് നഷ്ടപ്പെടുകയാണ്. മററ് പ്രൊഫഷണൽ മാനേജ്മെന്റുകളും ഈ പാത പിൻതുടരാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

പുതുതായി 20 അൺ എയ്ഡഡ് കോളേജുകളും 43 അൺ എയ്ഡഡ് കോഴ്സുകളും അനുവദിക്കാനുള്ള കേരള ഗവൺമെന്റിന്റെ തീരുമാനം വന്നുകഴിഞ്ഞു. എയ്ഡഡ് കോളജുകളിൽ പുതുതായി അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നില്ലെന്ന വിദ്യാഭ്യാസ മന്ത്രിയുടെ ഉറപ്പ് ലംഘിച്ചുകൊണ്ടാണ് എരമല്ലിക്കര ശ്രീ അയ്യപ്പാ കോളജിൽ അൺ എയ്ഡഡ് കോഴ്സുകൾ അനുവദിച്ചിരിക്കുന്നത്

നിർബന്ധിത വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ കേന്ദ്ര വിദ്യാഭ്യാസ ഉപദേശബോർഡ് രൂപീകരിക്കാനും സൗജന്യ വിദ്യാഭ്യാസ ബിൽ പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കുവാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. പക്ഷെ സൗജന്യ വിദ്യാഭ്യാസ ബില്ലിന്റെ കരടിൽ സ്വകാര്യ സ്വാശ്രയ സ്കൂളുകൾക്ക് സർക്കാർ സഹായം നല്കുവാനും മാതൃഭാഷയിൽ പഠിക്കാനുമുള്ള വിദ്യാർത്ഥികളുടെ അവകാശം നിഷേധിക്കാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭരണ ഘടനയുടെ 21 ( എ) വകുപ്പ് ഉറപ്പു നൽകുന്ന വിദ്യാഭ്യാസം മൗലികാവകാശം എന്ന സങ്കൽപ്പത്തിൽ നിന്നും ബഹുദൂരം പിറകോട്ട് പോകലാണ്.

യൂണിവേഴ്സിററികളുടെയും കേന്ദ്രവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ജനാധിപത്യവും സ്വയംഭരണവും സംരക്ഷിക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യങ്ങളെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലാണ് കേന്ദ്രഗവൺമെന്റിന്റെ പല തീരുമാനങ്ങളും. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സമൂല മാററങ്ങൾ വരുത്തുവാൻ വേണ്ടി കൊണ്ടു വരുന്ന നിർദ്ദിഷ്ട മെഡിക്കൽ ബിൽ ഗൗരവത്തോടെ വേണം സമീപിക്കുവാൻ. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്കുള്ള അധികാരം എടുത്തുകളയുന്ന മെഡിക്കൽ ബിൽ മെഡിക്കൽ കൗൺസിലിന് ഇപ്പോഴുള്ള സ്വതന്ത്രാധികാരം നഷ്ടപ്പെടുമോയെന്ന് സംശയിക്കുന്ന തരത്തിലാണ്. ഇതിനെയൊക്കെ പ്രതിരോധിക്കാൻ കൂടുതൽ ശക്തമായ പ്രക്ഷോഭവും ജനകീയ കൂട്ടായ്മയും ആവശ്യമാണ്. സി. എം. പി യിലെ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ അതേപടി നടപ്പാക്കാൻ പ്രേരപ്പിച്ചാൽ മാത്രമേ ഇത്തരം പ്രശ്നങ്ങളെ ഒരു പരിധിവരെയെങ്കിലും പ്രതിരോധിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

# Creative Sensibility & Cyberspace

## New Readings for a Global Perspective

**P. R. Harikumar**
SS College, Kalady

**The reading process is a contract between the author and the reader. When one starts to read a book, three things - expectation, modification and retrospection - are happening in him simultaneously. As a result of these actions the reader comes to an emotion packed position with strong response towards the literary text.**

Literature has several faces to cope with the necessity of the reader who is in search of some light for seeing the world in a new perspective. According to the reader response theory presented by Stanley Fish and Norman Holland, the reader has the ability to reinvent the text as he wish and interpret the same in support of his experience. In post modern literary scene we see a number of new trends, which are more or less connected with the socio-economic developments of our world. After assessing the literary theories old and new, we now realize literature as a powerful source of cultural discourse. The discourse still continues even after 'the death of the author' as Roland Barthes declared. Here, I like to examine some possibilities in front of the new age reader for achieving a global perspective in terms of his aesthetic perception.

### Totality of Virtual Reality

We are living in an age of fast developing communicative devices, which can simply overcome the limitations of time and space. Four concepts - Virtuality, Recursion, Windows and Morphing - put forward by computer technology influenced much the way human imagination works. Man's search for knowledge is never satisfied with mere 'reality'. The urge for super reality and the bliss of new technology jointly created a new form of reality, i. e. virtual reality. The multimedia characters of computer and online culture, which comprises net and web services have instigated this advanced version of reality. It gives us chance for immersion, interaction and navigation. The totality of the new reality that has a magic charm is known as cyberspace, a term first used in 1984 by William Gibson, American writer of science fiction, in the sense 'unthinkable complexity'.

## Easy Resource Mapping

When we compare old age reader with his counterpart in the new world, we can easily notice many differences in the availability of materials and in the nature of appreciation. Lovers of literature and music are the most blessed in this changing world. Because they have endless opportunities to read and hear what their predecessors never had. Nowadays, a student of literature or any other discipline can map his resources within a short time. The entire human knowledge is almost stored in the network of computers. So that by a click you can hear the folk music of Brazilian aborginal or ask questions to late authors about their merits and drawbacks. I remember one such occasion in the net in which I could ask a question to Virginia Woolf regarding her suicide and the reply I got was wonderfully tuned with the writer's identity. Actually, university professors who taught the works of Woolf for years prepared the reply!

How can you map the resources for a particular subject with the help of the Internet? You can browse the net to find out the places where you get enough materials for a subject using search engines like *Yahoo, AltaVista, Google* and *Lycos* and deep search engines like *Invisible web, Turbo 10com* and *complete planet*. By clicking in hyper links you can simply go to one source from another. For example, if you search using *Yahoo* with the key word 'Shakespeare' you will get 15500,000 links from which you may collect unlimited materials including his complete works. In this juncture, one may feel the Internet as an easy access area where true democracy regarding the equal distribution of information came into existence.

## Space for Self-Expression

As Sartre once said, the reading process is a contract between the author and the reader. The ancient Indian critic Rajasekharan also had the same opinion when he said 'Bhavayathri Prathibha' existing in the reader would help him to identify with the soul of a work of art. When one starts to read a book, three things - expectation, modification and retrospection - are happening in him simultaneously. As a result of these actions the reader comes to an emotion packed position with strong response towards the literary text. As far as the e-book reader is concerned, he has a lot of opportunities in his fingertip to express his views and response. Every homepage makes possible to write responses to the concerned authors or sponsors. If the reader is creative in any kind, he can simply get many a chance to publish/broadcast his works before a global audience through thousands of net magazines in different world languages. In this way the new era of communication helps one not only to become a connoisseur of art but also a creator of the same.

## Translation Materials

Study of languages became very easy in the context of new wave information technology. Fluency in language is the basic quality of a reader who wants the real essence of literature. But we have limitations to learn many languages at a time. We do not have the capacity of Dr. Herman Gundert who could simply use eighteen languages without fear. For the sake of non-pundits like us valuable software for translation (from English to many world languages and vice versa) is available in the net. Some websites also give chance to translate passages or web pages into major world languages just in a click. English, German, Italian, French, Spanish and many more languages are included in the pairs available for translation. Freetranslation.com, systranet.com, twolines.com and translation.net are some of the sites you can log in for translation materials. This facility makes us possible to communicate with non - English speaking community who takes major share in the net services. At the same time, we must bear in mind

the limitations of machine translation regarding poetry and other creative works. Because; as you know, poetry is defined as what is lost in translation.

## Comparative Literature

The presence of a virtual global library and active translation facilities reminds us to start with research in the field of comparative literature. Comparative literature emerged as a new discipline in the 1980s to counteract the notion of autonomy of national literatures. Its ultimate goal is to visualize the total literary activities of man as a single universe. This is the right time to compare literary thoughts and works in regional languages with other Indian or foreign literatures. Two or three universities in our country have already begun departments of comparative literature.

Even in the midst of news that tells about the abuse of net services, the real reader can revolutionise his sense and sensibility by using the same technology in the right direction. Moreover, anyone who has the fire of creativity can start with a cultural discourse with an international audience and prove his presence in cyberspace. Despite the reports that the new situation is very harmful to small languages, a collective work with intelligence can change the fate of languages spoken in little groups. Anyway, the information revolution undoubtedly states that any voice made in any corner can be heard around the world and the same has its own role in shaping a global perspective. This is one of the valuable lessons that every citizen in the world of literature has to keep in mind. And, the same is applicable to every *netizen* regarding his interaction and navigation in cyberspace.


# OXFORD
UNIVERSITY PRESS

**LAW**

| | | |
|---|---|---|
| 0195670825 | Bajpai/Child Rights in India | Rs.345/- |
| 0195665511 | Kumari/Juvenile Justice of India | Rs.625/- |
| 019567054X | Low/Congress and the Raj | Rs.650/- |
| 0195670655 | Paton/A Textbook of Jurisprudence 4th Edn | Rs.445/- |
| 0195668901 | Sagade/Child Marriage in India | Rs.575/- |

**LITERATURE**

| | | |
|---|---|---|
| 0195670884 | Bama/Sangati | Rs. 195/- |
| 0195672127 | Bhatia/Acts of Authority/ Acts of Resistance | Rs.495/- |
| 0195665007 | Cowasjee/Four Raj Novels | Rs. 495/- |
| 0195669800 | Das Gupta/Rabindranath Tagore: A Biography | Rs. 225/- |
| 0195664760 | Karnad/Bali | Rs. 145/- |
| 0195670183 | Rao/Classical Telugu Poetry | Rs. 295/- |

**MEDICINE**

| | | |
|---|---|---|
| 0195665112 | Prabhu/Textbook of Oral and Maxillofacial Anatomy, Histology and Embryology | Rs.495/- |

**PHILOSOPHY**

| | | |
|---|---|---|
| 0195668693 | Ernst/Eternal Garden | Rs. 650/- |

**POLITICS**

| | | |
|---|---|---|
| 0195670604 | Hutt/Unbecoming Citizens | Rs. 295/- |
| 019565689X | Kishwar/Interrogating India | Rs. 595/- |
| 019567054X | Low/Congress and the Raj | Rs. 650/- |
| 019567071X | Pyarelal/In Gandhiji's Mirror | Rs. 295/- |

**SOCIOLOGY**

| | | |
|---|---|---|
| 0195671368 | Baviskar/In the Belly of the River | Rs. 295/- |
| 0195668944 | Fuller/The Renewal of priesthood | Rs. 495/- |
| 0195668340 | Srinivas/The Fileworker and the field | Rs. 275/- |
| 0195668294 | Madan/India's Religions | Rs. 595/- |
| 0195672003 | Madan/The Village in India | Rs. 325/- |
| 0195667255 | Nair/A Contemporary Social History of Bangalore | Rs. 595/- |

**TRADE BOOKS**

| | | |
|---|---|---|
| 0195669886 | James/Cholamandal | Rs. 2995/- |
| 01955657144 | Pfister/Birds and Mammals of Ladakh | Rs. 795/- |

CONTACT US AT-
289 Anna Salai Chennai 600 006;
Ph: 28112267/ 68 /99: orders.chennai.in@oup.com
Kesava Buildings I floor Tc-25 / 1437 (2) Thampanoor, Thiruvananthapuram 695001 Ph: 2330995
H. no 8-2-577 I floor Road No. 7
Banjara Hills Hyderabad 500 034 Ph: 23356425

# എ.കെ.പി.സി.ടി.എ. പ്രവർത്തക ക്യാമ്പ്

## കണ്ണൂർ സർവകലാശാല മേഖല – 2005 ജൂലായ് 9,10



പതാക ഉയർത്തൽ...



സ. കൊടിയേരി ബാലകൃഷ്ണൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

എ.കെ.പി.സി.ടി.എ. യുടെ കണ്ണൂർ സർവ്വകലാശാല മേഖല ക്യാമ്പ് പറശ്ശിനിക്കടവ് ഇ. എം. എസ് ഹാളിൽ പ്രതിപക്ഷ ഉപനേതാവ് സ: കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

പൊരുതുന്ന തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങൾക്ക് ദേശീയ രാഷ്ട്രീയത്തിൽ ഇടപെടാൻ കഴിയുന്ന സാഹചര്യമാണ് ഇന്ത്യയിൽ ഉരുത്തിരിഞ്ഞു വരുന്നത്. ബി. ജെ. പി. യുടെയും, കോൺഗ്രസ്സിന്റെയും ബഹുരാഷ്ട്ര കുത്തകകളുടെയും, വൻകിട കുത്തകകളെയും പ്രോൽസാഹിപ്പിക്കുന്ന നയത്തെ വർഗ്ഗ സംഘടനകളും, ബഹുജന സംഘടനകളും ചേർന്നുള്ള കൂട്ടുകെട്ട് എതിർത്തു



പ്രൊഫ. വി. എൻ. മുരളി



ഡോ. കേശവൻ വെളുത്താട്ട്



എ. വി. അനിൽകുമാർ




ഡോ. കെ.കെ. ബാലചന്ദ്രൻ

തോൽപിക്കാൻ ശ്രമിക്കണമെന്ന് കോടിയേരി പറഞ്ഞു.

വർഗ്ഗീയവാദികളുടെ കൈപ്പിടിയിലായിരുന്ന വിദ്യാഭ്യാസ രംഗത്ത് ഇന്ന് വാണിജ്യവൽക്കരണം ശക്തിപ്പെടുന്നു. ഇതിനെതിരെ സമഗ്രമായ നയം വേണം. ഇത് നീട്ടിക്കൊണ്ടു പോകാനുള്ള കേന്ദ്രഗവൺമെന്റ് നീക്കം പിൻവലിക്കണം.

കേരള സർക്കാർ 5 വർഷം പൂർത്തിയാക്കുമ്പോൾ സമ്പൂർണ്ണമായ വാണിജ്യവൽക്കരണം നിലവിൽ വരും. എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ വരുന്നത് വിദ്യാഭ്യാസരംഗത്ത് അരാജകത്വം സൃഷ്ടിക്കും. സെനറ്റിന്റെ അധികാരം വെട്ടിച്ചുരുക്കി സർവ്വകലാശാലകളെ രാഷ്ട്രീയ താൽപര്യത്തിനായി ഉപയോഗിക്കുകയും, സ്വകാര്യ - വിദേശ സർവകലാശാലക്ക് വാതിൽ തുറന്ന് കൊടുത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് അരാജകത്വം സൃഷ്ടിക്കുകയും ചെയ്യുന്ന നടപടികൾ യു. ഡി. എഫ്. സർക്കാർ പിൻവലിക്കണം എന്ന് കോടിയേരി ആവശ്യപ്പെ





പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ



പ്രൊഫ. പി. മധുനാഥ്



പ്രൊഫ. കെ. എസ്. ജയചന്ദ്രൻ



ഡോ. എസ്. ജയരാജ്കുമാർ

ട്ടു. ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി സി. പത്മനാഭൻ അധ്യക്ഷത വഹിച്ചു. കോഴിക്കോട് മേഖലാ സെക്രട്ടറി കെ. കെ. ബാലചന്ദ്രൻ നായർ ആശംസകളർപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. [illegible] ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ സംഘാടക സമിതി ചെയർമാൻ സി. കെ. വി. പ്രതാപൻ മാസ്റ്റർ സ്വാഗതവും, ജില്ലാ പ്രസിഡന്റ് പി. വി. രവീന്ദ്രൻ നന്ദിയും പറഞ്ഞു. സംസ്ഥാന പ്രവർത്തക സമിതി അംഗം എ. പി. കുട്ടികൃഷ്ണൻ ആമുഖ പ്രസംഗം നടത്തി.

രാവിലെ നടന്ന സംഘടനാ സെഷനിൽ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ (സംഘടനാരേഖ), സംസ്ഥാന അക്കാദമിക് കമ്മിറ്റി ചെയർമാൻ പ്രൊഫ. പി. രഘുനാഥ് (അക്കാദമിക് രേഖ) സർവീസ് സെൽ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ(സർവീസ് രേഖ), ജേർണൽ ചീഫ് എഡിറ്റർ ഡോ. എസ്. ജയരാജ് കുമാർ (ജേർണൽ രേഖ) എന്നിവർ റിപ്പോർട്ടിങ് നടത്തി. ജില്ലാ സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ സ്വാഗതവും, ജില്ലാ അക്കാദമിക് കൺവീനർ ഡോ. സൈനുൽ ഹുക്മാൻ നന്ദിയും പറഞ്ഞു.

ഉച്ചയ്ക്ക് ശേഷം സംഘടനാ ചരിത്രത്തെപ്പറ്റി നടന്ന സെഷനിൽ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. വി. എൻ. മുരളി "സംഘടന പിന്നിട്ട നാളുകളെ" പറ്റി സംസാരിച്ചു. സംസ്ഥാന കമ്മിറ്റി അംഗം വി. കുട്ടൻ സ്വാഗതവും, ജില്ലാ വൈസ് പ്രസിഡണ്ട് എം. വിജയൻ നന്ദിയും പറഞ്ഞു. സംസ്ഥാന കമ്മിറ്റി അംഗം ഡോ. പി. കെ. പ്രസാദ് ക്രഡൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു.

ഞായറാഴ്ച രാവിലെ 10 മണിക്ക് നടന്ന വിദ്യാഭ്യാസ - സാംസ്കാരിക സമ്മേളനത്തിൽ ഡോ. കേശവൻ വെളുത്താട്ട്, എ. വി. അനിൽകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സംസ്ഥാനകമ്മറ്റിയംഗം ഡോ. ടി. പവിത്രന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ജില്ലാ ജോയിന്റ് സെക്രട്ടറി പ്രമോദ് വെള്ളച്ചാൽ സ്വാഗതവും ജില്ലാ ട്രഷറർ ഡോ. ടി. വി. രാമകൃഷ്ണൻ നന്ദിയും രേഖപ്പെടുത്തി.

# Pattern for the improvement of the examination system

**The Academic Committee, AKPCTA Kottayam - Idukki district proposes the following pattern for the improvement of the examination system.**

The committee proposes to introduce **Bar Coding** system on the answer book of the candidates for different examinations - instead of the present system of false numbering. The proposed facing sheet of the main answer book shall have five portions namely Part I, II, III, IV, and V. Bar codes of the same nature shall be printed on those four parts I, II, III, IV of a given sheet. Different sheets shall bear different bar codes.

## Part I

The bottom portion of the facing sheet is termed as Part I. It contains provisions for entering:-

1. Name of the examination
2. Paper Number in figures
3. Name of the paper
4. Register number of the candidate in figures and words.

## Part II and Part III

The two middle portions of the facing sheet just above Part I are termed as Part II and Part III, having identical features and used as Mark Sheets (Original and Duplicate). It contains provisions for entering:-

1. Paper Number in figures
2. Maximum marks
3. Marks obtained in the examination in figures and words
4. Examiner code
5. Serial number
6. Signature of the examiner
7. Signature of the chief examiner

## Part IV

The portion just below the top of the facing sheet is termed Part IV. It contains provisions for entering:-

1. Maximum marks
2. Marks obtained in the examination in figures and words
3. Examiner code
4. Serial number

## Part V

The topmost portion of the facing sheet is termed Part V. It contains provisions for entering:-

1. Name of the examination
2. Paper Number in figures
3. Name of the paper
4. Question Paper code number
5. Number of additional sheets used

## BACK SIDE OF THE FACING SHEET

The back side of the facing sheet shall have columns for entering the total mark and the marks obtained for each question. A portion of the backside shall be used for printing the instructions to the candidates for writing the examination.

## FILLING INSTRUCTIONS FOR DIFFERENT PARTS

Part I and Part V of the facing sheet must be filled by the candidate itself. The candidates are not allowed to write in Part II, Part III and Part IV.

Part II, Part III and Part IV of the facing sheet must be filled by the examiner at the time of valuation. Part II shall be used as original mark sheet and Part III as duplicate marksheet. The examiners shall fill all the relevant columns in Part II, Part III and Part IV after finishing the valuation of the paper. They shall enter the examiner code previously issued by the university and the serial number. After scrutinising Part II, Part III and Part IV the examiner shall put his signature in the space provided for the same. The examiner shall send the papers to the chief examiner for re-valuation and scrutiny.

The chief examiner shall put his signature after revaluation and scrutiny.

## EXPLANATIONS

Part I of the facing sheet shall be detached from the answer book after the examination. This may be done at the examination centre on the day of the examination itself before arranging the answer books serially. The detached portion (Part I) shall be sent to university for computerized tabulation. The software for tabulation shall be so arranged to comply to all the information.

## ENTERING REGISTER NUMBER AND BAR CODE

All data in Part I shall be entered into the computer. The bar code in Part I shall be entered into the computer with the aid of a Bar code decoder using an I-R-reader. The computer shall then be ready to show the register number, when the same bar code from Part II or Part III is entered into the computer and vice-versa.

## ENTERING MARKS

Part II or Part III shall be used as the mark sheet. The chief examiner shall detach Part II and Part III from the answer book and shall send the mark sheets duly signed to the Chairman of the examination board. The Chairman shall send the original mark sheet to the university for tabulation.

The bar code in the mark sheet which is decoded using an I-R reader, shall be fed to the computer. The computer shall automatically display all the columns of that candidate. The data, including the examiner code, serial number etc. in the mark sheet shall be entered into the computer.

Similarly, marks sheets of all the papers of the same candidate shall be entered into the computer.

The same procedure shall be repeated for all the candidates.

Now, the computer shall be ready to print the mark sheet of all the candidates.

## IMPLEMENTING EXAMINER CODES

Part IV and Part V of the facing sheet contains no register number after finishing the valuation procedure, so it is not easy to locate the answer book for future purposes (revaluation etc.). To overcome this difficulty, it is proposed to implement the examiner code and the serial number which shall be unique for a particular paper. The computer shall show the examiner code and serial number, when the register number of the candidate is entered. Thus it is easy to locate the paper for future reference.

## EXAMINER CODE:


The University shall allocate examiner code for each examiner. The code shall contain two letters from the subject (PH for Physics) and one letter from the name of the examiner (A for Arjun) and the serial number on the basis of seniority, for example PHA 101.

## ADVANTAGES:

The answer books can be sent for valuation from the examination - centre immediately after the examination. This can save a lot of time delay presently used for false numbering.

This helps to avoid any possible human error in entering the marks, since the I-R reader used for decoding bar code on the mark sheet will automatically highlight the corresponding columns of that candidate. Same computer operator can do the tabulation of any examination, since I-R reader will automatically highlight the corresponding register number of the candidate. No further time is required for tabulation. Print outs of the mark sheets can be obtained immediately after completing the entries into the computer.

We request you to participate in the discussion for the modification of the proposal.



# അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും കോളജ് അധികാരികൾ ശിക്ഷണ നടപടിക്ക് വിധേയമാക്കുന്നു

വി. സി.ആൻറണി
സെക്രട്ടറി, എ.കെ.പി.സി.ടി.എ

**ഉന്നത വിദ്യാഭ്യാസ രംഗത്ത് വാണിജ്യവൽക്കരണത്തെ ചെറുക്കുന്ന എറണാകുളം സെൻറ് ആൽബർട്സ് കോളജ് അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും കോളജ് അധികാരികൾ ശിക്ഷണ നടപടിക്ക് വിധേയമാക്കുന്നു.**

### കോളജിന്റെ സമയമാററം:

ഈ അദ്ധ്യയന വർഷം ആരംഭത്തിൽ തന്നെ സെന്റ് ആൽബർട്സ് കോളജിന്റെ പ്രവൃത്തി സമയം രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയാക്കി കൊണ്ടുള്ള ഉത്തരവ് പ്രിൻസിപ്പാൾ നടപ്പിലാക്കി. ഈ നടപടിയെ കോളജ് കൗൺസിലിലും സ്ററാഫ് മീററിംങ്ങിലും അദ്ധ്യാപകർ ഒന്നടങ്കം എതിർത്തതാണ്. പി.ടി. എ ഈ തീരുമാനം അംഗീകരിച്ചിട്ടില്ല. കോളജിലെ വിദ്യാർത്ഥി സംഘടനകൾ സമയമാററത്തിൽ പ്രതിഷേധിച്ച് പ്രക്ഷോഭ രംഗത്താണ്. പ്രിൻസിപ്പാൾ നടപ്പാക്കിയ സമയമാററത്തിൽ പ്രതിഷേധിച്ച് കോളജ് കൗൺസിലിൽ സംസാരിച്ചതിന് എ. കെ. പി. സി. ടി. എ ബ്രാഞ്ച് പ്രസിഡന്റും മലയാളം വകുപ്പ് മേധാവിയുമായ പ്രൊഫ. സെബാസ്ററ്യൻ കെ. ആന്റണിയെ ജൂൺ 15 മുതൽ സസ്പെന്റ് ചെയ്തിരിക്കുകയാണ്. ജൂൺ 13ന് കോളജ് സന്ദർശിച്ച എം. ജി. സർവ്വകലാശാല സിൻറിക്കേററ് സബ് കമ്മിററിക്ക്, കോളജ് പ്രവർത്തി സമയം മാററിയത് സർവ്വകലാശാല നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരായതുകൊണ്ട്, അത് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബ്രാഞ്ച് സെക്രട്ടറി എൻ. രാമചന്ദ്രൻ നിവേദനം നല്കി. ആയതിനാൽ എൻ. രാമചന്ദ്രനും മെമ്മോ നൽകി നടപടി എടുക്കുകയാണ് മാനേജ്മെന്റ്.

### മൂല്യനിർണ്ണയത്തിന് അനുമതി നിഷേധം:

എം.ജി. സർവ്വകലാശാലയുടെ ഈ വർഷത്തെ ബിരുദാനന്തര പരീക്ഷാപേപ്പർ മൂല്യനിർണ്ണയത്തിന് സെന്റ് ആൽബർട്ട് കോളജിൽ മതിയായ സ്ഥല സൗകര്യമുണ്ടായിട്ടും പ്രിൻസിപ്പാൾ അനുമതി നിഷേധിച്ചതായി സർവ്വകലാശാല സിൻഡിക്കേററ് സബ് കമ്മിററി കണ്ടെത്തി. പ്രിൻസിപ്പാളിന്റെ നടപടികൾ കോളജ് അന്തരീക്ഷത്തിന് തടസ്സം സൃഷ്ടിക്കുന്നതാണെന്നും സിൻറിക്കേററ് സബ്കമ്മിററി സർവ്വകലാശാലയ്ക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഒന്നാം സെമസ്ററർ പി. ജി. ക്ലാസ്സുകളും ഒന്നാം വർഷ ബിരുദ ക്ലാസുകളും ജൂലൈ അവസാനത്തോടെ മാത്രമേ ആരംഭിക്കൂ എന്നിരിക്കെ പ്രിൻസിപ്പാൾ മൂല്യനിർണ്ണയത്തിന് അനുമതി നിഷേധിച്ചത് സർവ്വകലാശാലയ്ക്ക് ഭരണപരവുമായ ബാദ്ധ്യതയുണ്ടാക്കിയതായി റിപ്പോർട്ടു ചൂണ്ടിക്കാട്ടുന്നു. . കോളജിൽ മതിയായ സൗകര്യമില്ലെന്നു പ്രിൻസിപ്പാൾ സർവ്വകലാശാലയെ കൃത്യമായി അറിയിക്കുകയോ അറിയിക്കാൻ ശ്രമം നടത്തുകയോ ചെയ്തിട്ടില്ല. മൂല്യനിർണ്ണയത്തിന് സ്ഥലസൗകര്യമില്ലെന്ന് പറഞ്ഞപ്പോൾ തന്നെ മററു സർവ്വകലാശാലകളുടെ സ്വാശ്രയ കോഴ്സുകൾക്ക് സൗകര്യങ്ങൾ ചെയ്തു കൊടുത്തു. കോളജ് ക്യാമ്പസിൽ മദ്രാസ് ഐ. ഐ. ടി വെല്ലൂർ സി. എം. സി, ദില്ലി സി. എ, ഹൈദരബാദ് സർവ്വകലാശാലയുടെ എം. ബി. എ ഇഗ്നോയുടെ വിവിധ കോഴ്സുകൾ എന്നിവയുടെ പരിശീലന ക്ലാസ്സുകളും, മദ്രാസ് ഐ. ഐ. ടി ബാംഗ്ളൂർ സെന്റ് ജോൺസ് നേഴ്സിംഗ്, വെല്ലൂർ സി. എം.സി മെഡിക്കൽ, വെല്ലൂർ സി. എം. സി നേഴ്സിംഗ്, മണിപ്പാൽ മെഡിക്കൽ എൻട്രൻസ്. കൽക്കത്ത KWAI ദില്ലി KSI എന്നീ സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകൾക്ക് സ്ഥലം അനുവദിച്ചു.

കോളജിന്റെ പ്രവർത്തന സമയം മാററത്തിലും ഏകപക്ഷീയമായിട്ടാണ് പ്രിൻസിപ്പാൾ പ്രവർത്തിച്ചതെന്നും റിപ്പോർട്ട് പറയുന്നു. സമയമാററം, പത്രം വിതരണം നടത്തി പഠിക്കുന്ന വിദ്യാർത്ഥികൾ, മീൻ കച്ചവടം നടത്തി ക്ളാസിൽ വരുന്നവർ, വിദൂരപ്രദേശങ്ങളിൽ നിന്നും എത്തുന്ന കുട്ടികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർക്ക് അസൗകര്യമുണ്ടാക്കുന്നതായി റിപ്പോർട്ടിലുണ്ട്. സമയം രാവിലെ 9.30 മുതൽ 3.30 വരെ എന്നത് രാവിലെ 8.00 മുതൽ 1.30 മണി വരെയാക്കി പ്രിൻസിപ്പാൾ സർക്കാർ ഉത്തരവും സർവ്വകലാശാല നിയമവും ലംഘിച്ചു.

കോളജ് ഓഡിറേറാറിയം കോളജ് ക്യാമ്പസിൽ നിന്നും വേർപ്പെടുത്തി പൊതു ജനങ്ങൾക്ക് 7500 രൂപയ്ക്ക് വാടകയ്ക്ക് നൽകുന്നു. കോളജ് ഹോസ്ററലിന്റെ താഴത്തെ നില ഷോപ്പിങ് കോംപ്ലക്സാക്കി മാററിയിട്ടുണ്ട്. യു.ജി.സി സഹായം ഉപയോഗിച്ച് പണി തീർത്തിട്ടുള്ള കെട്ടിടം മററാവശ്യങ്ങൾക്കായി ഉപയോഗിക്കരുതെന്നതാണ് നിയമം. കോളജ് ഹോസ്ററൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിച്ചുകൊണ്ട് പുറത്തു നിന്നുള്ള ജോലിക്കാരെ താമസിപ്പിക്കാൻ അനുമതി നല്കിയിരുന്നുവെന്നും സിൻഡിക്കേററ് സബ്കമ്മിററി ചൂണ്ടിക്കാണിക്കുന്നു.

## സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്നു.

വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സംഘടനാ സ്വാതന്ത്ര്യം സെന്റ് ആൽബർട്ട് കോളജിൽ വീണ്ടും വീണ്ടും ഉത്തരവിലൂടെ പ്രിൻസിപ്പാൾ നിരോധിക്കുന്നു. ഇത് കോളജിൽ നടക്കുന്ന വിദ്യാഭ്യാസ കച്ചവട താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി മാത്രമാണ്. കഴിഞ്ഞ നാളുകളിൽ എന്നപോലെ ഇപ്പോഴും പോലീസിനെ ഉപയോഗിച്ച് വിദ്യാർത്ഥി പ്രക്ഷോഭം അടിച്ചമർത്താനാണ് കോളജ് അധികൃതർ തയ്യാറാകുന്നത് എന്നത് അത്യന്തം ഗൗരവമാണ്. നിരന്തരമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചും, ബാനർജി റോഡിൽ പന്തുകളിച്ച് പ്രതിഷേധിച്ചുമാണ് കോളജിന് നഷ്ടപ്പെട്ട കളിസ്ഥലത്തിനു പകരം സർക്കാരിൽ നിന്നും സ്ഥലം ലഭിച്ചത്. ഇന്നും കളിസ്ഥലം കുട്ടികൾക്ക് പരിശീലനത്തിനും മററും കൃത്യമായി ലഭിക്കുന്നില്ല.

1946 – ൽ ആരംഭിച്ച കോളജ് ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേററി തിരുമേനിയുടെ ദീർഘദർശനത്തിന്റെ മാതൃകയാണ് സെന്റ് ആൽബർട്ട് കോളജും. ഹൈസ്കൂളും ആദ്യകാലത്ത് അതിന്റെ നേതൃത്വത്തിൽ ആദർശശാലികളായ മതമേലദ്ധ്യക്ഷന്മാരും വിദ്യാഭ്യാസ വിദഗ്ദ്ധരും രാഷ്ട്രീയ നേതാക്കന്മാരും ഉണ്ടായിരുന്നു എന്നത് ഇവിടെ സ്മരണീയമാണ്. 1958 ഡിസംബർ 21-ാം തീയതി ഈ കോളജിൽ വച്ചാണ് എ.കെ.പി.സി.ടി.എ രൂപീകരിക്കപ്പെട്ടത്. സ്വകാര്യ കോളജ് അദ്ധ്യാപകരുടെ സംഘടനാ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ സംഭാവന സെന്റ് ആൽബർട്ട്സ് എന്നും നല്കിയിട്ടുണ്ട്.

കൊച്ചിയുടെ രാഷ്ട്രീയ, സാംസ്കാരിക, വിദ്യാഭ്യാസ പുരോഗതിയ്ക്ക് കോളജ് കഴിഞ്ഞ 58 വർഷത്തിനുള്ളിൽ നിസ്തുലമായ സംഭാവന നല്കിയിട്ടുണ്ട്. ഒരു കലാലയത്തെ വിദ്യാഭ്യാസ വാണിഭ കേന്ദ്രമാക്കുന്നതിനെതിരെയുള്ള പ്രതിഷേധ പ്രക്ഷോഭങ്ങളാണ് സെന്റ് ആൽബർട്ട്സിൽ നടക്കുന്നത്. പൊതു ആസ്തികളുടെ സ്വകാര്യവൽക്കരണവും സാമൂഹിക ഉടമ്പടിയുടെ നിഷേധവുമാണ് ഇന്ന് കോളജുകളിൽ നടക്കുന്നത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പുകാർ പൊതുമുതൽ ഉപയോഗിച്ച് ലാഭം കൊയ്യുന്ന കാഴ്ച പ്രബുദ്ധ കേരളത്തിനു നോക്കി നില്ക്കാൻ കഴിയില്ല.

# സെന്റ് ആൽബർട്ട്സിൽ അനിശ്ചിതകാല ധർണ്ണ

സസ്പെന്റ് ചെയ്ത സെന്റ് ആൽബർട്ട്സ് അദ്ധ്യാപകൻ സെബാസ്ററ്യൻ കെ. ആന്റണിയെ സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ. കെ. പി. സി. ടി. എ യുടെ ആഭിമുഖ്യത്തിൽ കോളജ് പടിക്കൽ അനിശ്ചിതകാല ധർണ്ണ ആരംഭിച്ചു. നിയമവിരുദ്ധമായി അദ്ധ്യയന സമയം മാററിയതിനെതിരെ വ്യവസ്ഥാപിത വേദികളിൽ പ്രതിഷേധിച്ചതിനാണ് ശ്രീ. സെബാസ്ററ്യനെ സസ്പന്റ് ചെയ്തിട്ടുള്ളതെന്ന് ധർണ ഉദ്ഘാടനം ചെയ്തു സംസാരിച്ച എ. കെ. പി. സി. ടി. എ പ്രസിഡണ്ട് പ്രൊഫ. തോമസ് ജോസഫ് ചൂണ്ടിക്കാട്ടി. സമയമാററം സംബന്ധിച്ച് വിചിത്രമായ വാദങ്ങളാണ് ഇപ്പോൾ മാനേജ്മെന്റ് ഉന്നയിക്കുന്നത്. സമയമാററം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സൗകര്യപ്രദമാണോ എന്നതല്ല യാഥാർത്ഥ പ്രശ്നം. മറിച്ച് നിയമവിരുദ്ധമായി പ്രവർത്തിക്കുവാൻ സെന്റ് ആൽബർട്ട്സ് കോളേജിന് ബാദ്ധ്യത ഉണ്ടോ എന്നതാണ്. നിലവിലുള്ള സർക്കാർ നിയമമനുസരിച്ച് അദ്ധ്യയന സമയം 9 മുതൽ 4 വരെ/9.30 മുതൽ 4.30 വരെ/10 മുതൽ 5 വരെ ക്രമീകരിക്കുവാൻ മാത്രമാണ് മാനേജ്മെന്റുകൾക്ക് അധികാരമുള്ളത്. ഇക്കാര്യത്തിലിടപെട്ടുകൊണ്ട് സർവ്വകലാശാലയും ഗവൺമെന്റും സെന്റ് ആൽബർട്ട്സിൽ നിയമവാഴ്ച ഉറപ്പാക്കുവാൻ തയ്യാറാകണമെന്ന് ഉദ്ഘാടകൻ ആ

വശ്യപ്പെട്ടു. ഇതിനു പകരം മാനേജ്മെന്റിന്റെ കച്ചവട താല്പര്യങ്ങൾക്കനുകൂലമായി നിലവിലുള്ള നിയമങ്ങൾ അട്ടിമറിക്കുന്നതിന് സഹായകമായ നിലപാടാണ് ബന്ധപ്പെട്ടവർ സ്വീകരിക്കുന്നതെങ്കിൽ സമരം കൂടുതൽ ശക്തമാക്കുമെന്ന് എ. കെ. പി. സി. ടി. എ അറിയിച്ചു.

ജില്ലയിലെ വിവിധ കോളജുകളിൽ നിന്ന് അദ്ധ്യാപകർ ധർണയിൽ പങ്കെടുത്തു. ശാസ്ത്ര സാഹിത്യ പരിഷത്ത് നേതാവ് പ്രൊഫ. പി. കെ. രവീന്ദ്രൻ, കെ.പി. സി. ഇ. യു നേതാവ് എം. വി. ജോസ്, എസ്. എഫ്. ഐ. പ്രതിനിധി രാഹുൽ, എ.കെ.പി.സി. ടി. എ ട്രഷറർ പ്രൊഫ. കെ. ശശിധരൻ എന്നിവർ ധർണയെ അഭിസംബോധന ചെയ്തു. സമരസമിതി കൺവീനർ പ്രൊഫസർ ഡി. സലിംകുമാർ സ്വാഗതം ആശംസിച്ചു.




*ധർണ്ണ എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. തോമസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.*



*എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി എ. പ്രതാപചന്ദ്രൻനായർ ധർണ്ണയെ അഭിസംബോധനചെയ്യുന്നു.*

# പ്രൊഫ. സെബാസ്റ്റ്യൻ കെ. ആന്റണിയുടെ സസ്പെൻഷൻ പിൻവലിച്ചു

സെന്റ് ആൽബർട്ട്സ് കോളജ് അദ്ധ്യാപകനും എ. കെ. പി. സി. ടി. എ. ബ്രാഞ്ച് പ്രസിഡന്റുമായ പ്രൊഫ. സെബാസ്റ്റ്യൻ കെ. ആന്റണിയുടെ സസ്പെൻഷൻ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എ. കെ. പി. സി. ടി. എ. കോളജിനുമുന്നിൽ ജൂൺ 21 മുതൽ നടത്തിവന്നിരുന്ന അനിശ്ചിതകാല ധർണാ സമരം ജൂലയ് 11 നു സസ്പെൻഷൻ പിൻവലിച്ചുകൊണ്ട് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്നു അവസാനിപ്പിച്ചു. എന്നാൽ നിയമവിരുദ്ധമായി നടപ്പിലാക്കിയ സമയമാററത്തിനെതിരെ എ. കെ. പി. സി. ടി. എ. മററു വേദികളിൽ പോരാട്ടം തുടരും. കോളജിനു മുന്നിൽ നടത്തിയ സമരത്തിനു എ. കെ. പി. സി. ടി. എ ജില്ലാ സെക്രട്ടറി പ്രൊഫ. ഡി. സലിംകുമാർ, ഏരിയ സെക്രട്ടറി പ്രൊഫ. വി. സി. ആന്റണി, അക്കാദമിക് കമ്മററി കൺവീനർ ഡോ. രാജൻ വർഗീസ് എന്നിവർ നേതൃത്വം നൽകി. ധർണയിൽ എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുമുള്ള പ്രവർത്തകർ പങ്കെടുത്തു. ഈ സമരം ഒരു വൻ വിജയമാക്കി തീർക്കാൻ സഹായിച്ച എല്ലാ പ്രവർത്തകരേയും അഭ്യുദയകാംക്ഷികളേയും സമരസമിതി അഭിനന്ദിക്കുന്നു.

# പൊതു പണിമുടക്ക് 2005 ജൂലായ് 5

പെൻഷൻ പദ്ധതി സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, പണിമുടക്കവകാശം സംരക്ഷിക്കുക, ഭരണനവീകരണ പരിപാടി ഉപേക്ഷിക്കുക, നിയമന നിരോധനം പൂർണ്ണമായും പിൻവലിക്കുക, വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കുക, പ്രോവിഡൻറ് ഫണ്ട് പലിശനിരക്ക് 12 ശതമാനമായി പുനസ്ഥാപിക്കുക, വിദ്യാഭ്യാസ- സർവ്വീസ്മേഖലകൾ സംരക്ഷിക്കുക എന്നീ അവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2005 ജൂലായ് 5 ന് ട്രേഡ് യൂണിയൻ സ്പോൺസറിംഗ് കമ്മിററിയുടെയും വിവിധ അദ്ധ്യാപക സർവീസ് സംഘടനകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്ന പൊതുപണിമുടക്കിൽ കോളജ് അദ്ധ്യാപകരും പങ്കെടുത്തു.

# വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ ജനകീയപ്രക്ഷോഭം

പൊന്നാനി എം. ഇ. എസ്. കോളജിൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കുവാനുള്ള മാനേജ്മെന്റിന്റെ നീക്കത്തിനെതിരെ പ്രതിഷേധം വ്യാപകമാകുകയാണ്. വിവിധ രാഷ്ട്രീയ കക്ഷികളും ജനകീയ പ്രസ്ഥാനങ്ങളും വിദ്യാർത്ഥി യുവജന സംഘടനകളും പ്രക്ഷോഭ രംഗത്തെത്തിക്കഴിഞ്ഞു. എയ്ഡഡ് കോളജുകളിൽ അൺഎയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിനെതിരെ എ.കെ.പി.സി.ടി. എ കൈക്കൊണ്ട സമീപനം വ്യാപകമായി അംഗീകരിക്കപ്പെടുകയാണ്.

കേരളത്തിലെ എയ്ഡഡ് കോളജുകൾ ആരുടെയും സ്വകാര്യസ്വത്തല്ല എന്നതും സമൂഹത്തിലെ വിവിധ ശ്രേണികളിലുള്ളവരുടെ സംഭാവനയും പ്രയത്നവും കൊണ്ടാണ് ഈ സ്ഥാപനങ്ങൾ കെട്ടിപ്പടുത്തിരിക്കുന്നത് എന്നതും ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഇന്ന് സംസ്ഥാന ഭരണകൂടം സ്വകാര്യ മാനേജർമ്മാർക്ക് വിദ്യാഭ്യാസക്കച്ചവടം നടത്തുവാനുള്ള പിൻബലവും പ്രോത്സാഹനവും നൽകുന്നു. ഈ പശ്ചാത്തലത്തിൽ മാനേജ്മെന്റുകളുടെ കച്ചവടവ്യഗ്രത എല്ലാമറയും നീക്കി പുറത്തുവന്നിരിക്കുകയാണ്. അതിന്റെ പ്രത്യക്ഷ ദൃഷ്ടാന്തമായാണ് പൊന്നാനി എം. ഇ. എസ് കോളജ് മാനേജ്മെന്റിന്റെ പുതിയ നീക്കത്തെ കാണേണ്ടത്.

ഈ വർഷം ബി. ബി. എ, ബി. എ. (ട്രാവൽ ആന്റ് ടൂറിസം) എന്നീ സ്വാശ്രയ കോഴ്സുകൾ തുടങ്ങുവാനാണ് മാനേജ്മെന്റിന്റെ തീരുമാനം. പൊതു സൗകര്യങ്ങൾ ഉപയോഗിച്ച് സ്വാശ്രയ കോഴ്സുകൾ തുടങ്ങി വൻ ലാഭം കൊയ്യുകയാണ് മാനേജ്മെന്റിന്റെ ലക്ഷ്യം.

ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന ജില്ലയാണ് മലപ്പുറം. പിന്നോക്കാവസ്ഥയിൽ കഴിയുന്നവരുടെ വിദ്യാഭ്യാസ ലബ്ധി ഇവിടെ സ്ഥാപിക്കപ്പെട്ട എല്ലാ വിദ്യാലയങ്ങളുടെയും പൊതു ലക്ഷ്യമായിരുന്നു. എം. ഇ. എസ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയതും ഈ ലക്ഷ്യത്തോടെയാണ്. ജില്ലയിലും ന്യൂനപക്ഷ സമുദായങ്ങൾക്കിടയിലും വിദ്യാഭ്യാസപരമായി ശ്രദ്ധേയമായ മുന്നേററം കൈവരിക്കാനും കഴിഞ്ഞു. എന്നാൽ ഇന്നിപ്പോൾ എം. ഇ. എസിൻെറ നേതാക്കന്മാർ വിദ്യാഭ്യാസക്കച്ചവടത്തിന്റെ വക്താക്കളായി മാറിയിരിക്കുന്നു. എം. ഇ. എസ് ജനറൽ സെക്രട്ടറി ഡോ. ഫസൽ ഗഫൂർ, ദരിദ്രരും പിന്നോക്കക്കാരുമുൾപ്പെടെയുള്ള പണമില്ലാത്തവർ പഠിക്കേണ്ടതില്ലെന്നു പരസ്യമായി പ്രസ്താവിച്ചിരിക്കുകയാണ്. ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസപുരോഗതി ലക്ഷ്യമാക്കുന്നുവെന്നവകാശപ്പെടുന്ന സമുദായ സംഘടനയുടെ നേതാവ് കച്ചവടക്കാരന്റെ ധാർഷ്ട്യത്തോടെ ബഹുജനങ്ങളെ വെല്ലുവിളിക്കുകയാണ്. അധഃസ്ഥിതരോടും ദരിദ്രരോടുമുള്ള ഈ വെല്ലുവിളി വ്യാപകമായ പ്രതിഷേധത്തിനിടയാക്കിയിരിക്കുന്നു. എം. ഇ. എസിന്റെ സമുദായ സേവനം എന്നപൊയ്മുഖം തകർന്നു വീണിരിക്കുന്നു. ഭരണാധികാരികളും സമുദായപ്രമാണിമാരും വിദ്യാഭ്യാസ കച്ചവടത്തിന്റെ ലാഭമോഹികളായി മാറുന്ന കാഴ്ചയാണിത്.

1968 ലാണ് പൊന്നാനി എം. ഇ. എസ് കോളജ് പ്രവർത്തനം തുടങ്ങുന്നത്. അന്നത്തെ മുഖ്യമന്ത്രി ഇ. എം. എസ്, പൊന്നാനിക്കാരനായ മന്ത്രി ഇ. കെ. ഇമ്പിച്ചിബാവ തുടങ്ങിയവരുടെ സഹായവും പ്രയത്നവും ഈ കോളജ് സ്ഥാപിക്കുന്നതിനു പിന്നിലുണ്ടായിരുന്നു. അന്ന് വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി. എച്ച്. മുഹമ്മദുകോയ, റവന്യൂ മന്ത്രി ആയിരുന്ന കെ. ആർ ഗൗരിയമ്മ എന്നിവരുടെ പിന്തുണയും കോളജ് തുടങ്ങാൻ സഹായകമായി. സർക്കാർ ഭൂമിയിൽ നിന്നും 35 ഏക്കർ പാട്ടമായി കോളജിനു നൽകി. എല്ലാ വിഭാഗത്തിലുമുള്ള നാട്ടുകാരുടെ കൂട്ടായ പ്രയത്ന ഫലമായാണ് കോളജ് ഒരു യാഥാർത്ഥ്യമായത്. ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത ഒരു ലക്ഷം രൂപയാണ് എം. ഇ. എസ് കോളജിനുവേണ്ടി ചെലവഴിച്ചത് പിന്നീട് കോളജിന്റെ വികസന പ്രവർത്തനത്തി

# സർവ്വീസ് പംക്തി

? 1993 ൽ എടുത്ത എം.ഫില്ലോടുകൂടി 1995 ഒക്ടോബറിൽ ഞാൻ അധ്യാപികയായി സർവീസിൽ പ്രവേശിച്ചു. പക്ഷേ, NET യോഗ്യത ഉണ്ടായിരുന്നില്ല. അഞ്ച് വർഷത്തെ സർവീസ് പൂർത്തിയാക്കിയമുറക്ക് 2000 ഒക്ടോബറിൽ എനിക്ക് സീനിയർ സ്കെയിൽ ലഭിച്ചു. അതിന് ശേഷം 2000 മേയ് മാസത്തിൽ എനിക്ക് പി. എച്ച്. ഡി ബിരുദവും ലഭിച്ചു. പി. എച്ച്. ഡി ബിരുദം ലഭിച്ചവർക്കുള്ള മുൻകൂർ ഇൻക്രിമെന്റുകൾ എനിക്ക് എന്നാണ് ലഭിക്കുക? ഇനി സെലക്ഷൻഗ്രേഡ് ലഭിക്കുന്ന സമയത്ത് ഈ മുൻകൂർ ഇൻക്രിമെന്റുകളുടെ പ്രയോജനം നഷ്ടപ്പെടുമോ?

= 2001 മാർച്ച് 29 ലെ ഹയർ എജുക്കേഷൻ സെക്രട്ടറിയുടെ G. O. (P) No.44/2001/H.Edn എന്ന ഉത്തരവ് അനുസരിച്ച് പി. എച്ച്. ഡി. ബിരുദം ലഭിച്ച അന്നുമുതൽ താങ്കൾക്ക് രണ്ട് മുൻകൂർ ഇൻക്രിമെന്റുകൾക്ക് അർഹതയുണ്ട്. ഇനി 2005 ഒക്ടോബറിലായിരിക്കുമല്ലോ സെലക്ഷൻ ഗ്രേഡിലേക്കുള്ള പ്ളെയ്സ്മെന്റ് ലഭിക്കുക. (പി. എച്ച്. ഡി. യുള്ളവർക്ക് ആകെ ഒമ്പത് വർഷത്തെ സർവീസിന് സെലക്ഷൻ ഗ്രേഡ് ലഭിക്കണം എന്ന് ആവശ്യപ്പെട്ട് നമ്മൾ യു. ജി. സിക്ക് നിവേദനം നൽകിയെങ്കിലും അത്തരത്തിലുള്ള ഒരു ഉത്തരവ് യു. ജി. സി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. സെലക്ഷൻ ഗ്രേഡ് ലഭിക്കാൻ സീനിയർ സ്കെയിലിൽ അഞ്ചുവർഷം സർവീസ് പൂർത്തിയാക്കിയിരിക്കണം എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. യു. ജി. സി പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിൽ 2005 മേയിൽ ത്തന്നെ സെലക്ഷൻ ഗ്രേഡ് ലഭിക്കുമായിരുന്നു). സെലക്ഷൻ ഗ്രേഡ് ലഭിക്കുന്ന സമയത്ത് സീനിയർ സ്കെയിലിൽ അടിസ്ഥാന ശമ്പളം 11950 ആകുകയും നാഷണൽ ഇൻക്രിമെന്റ് കൂടികൂട്ടുമ്പോൾ അത് 12275 ആകുകയും ചെയ്യും. അതുകൊണ്ട് സെലക്ഷൻ ഗ്രേഡ് ലഭിക്കുന്ന തീയതിക്ക് അടിസ്ഥാന ശമ്പളം 12420 ആയി നിജപ്പെടുത്താൻ സാധിക്കും. പി. എച്ച്. ഡി. ബിരുദം ലഭിച്ചിരുന്നില്ലെങ്കിൽ സെലക്ഷൻ ഗ്രേഡ് ലഭിക്കുന്ന തിയതിക്ക് അടിസ്ഥാന ശമ്പളം 12400 ആയി നിജപ്പെടുത്തേണ്ടി വരുമായിരുന്നു. പി. എച്ച്. ഡി. ബിരുദം ലഭിച്ചത് കൊണ്ട് സെലക്ഷൻ ഗ്രേഡിലേക്ക് വരുമ്പോൾ ഒരു ഇൻക്രിമെന്റിന്റെ മെച്ചമുണ്ടാകും.

? ഞാൻ 2006 മാർച്ച് 31ന് സർവ്വീസിൽ നിന്ന് വിരമിക്കുകയാണ്. 2005 ആഗസ്ററിലാണ് ജനനത്തീയതി. എന്റെ ലീവ് അക്കൗണ്ടിൽ കുറച്ചധികം ലീവ് ബാക്കിയുണ്ട്. ബാക്കിയുള്ള ലീവുകൾ എനിക്ക് എടുത്ത് തീർക്കാൻ സാധിക്കുമോ? അങ്ങനെയാണെങ്കിൽ എന്നുവരെ ലീവ് എടുക്കാം? ലീവിൽ പ്രവേശിച്ചാൽ മാർച്ച് 31 ന് ജോയിൻ ചെയ്താൽ മതിയോ?

= സർവ്വീസിൽ നിന്ന് വിരമിക്കുന്ന സമയത്ത് ലീവ് എടുക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും പരിശോധിച്ചിട്ടില്ലെങ്കിൽ കുഴപ്പങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. താങ്കളുടെ കാര്യത്തിൽ ചില നിബന്ധനകൾക്ക് വിധേയമായി ബാക്കിയുള്ള ലീവുകൾ എടുക്കാം.

1. 55 വയസ്സാകുന്ന തീയതിക്ക് മുമ്പായി ലീവിൽ പ്രവേശിക്കണം

2. വെക്കേഷനായി കോളജ് അട്യക്കുന്നതിന് മുമ്പായി ജോലിയിൽ തിരികെ പ്രവേശിക്കണം.

**വായനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.**

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണൂത്തി പി. ഒ., തൃശ്ശൂർ- 680 651
ഫോൺ: 0487-2371971

---

ന് സർക്കാർ ഏജൻസികളിൽ നിന്നും പണം പററിയിട്ടുണ്ട്. കൊരമ്പയിൽ അഹമ്മദ് ഹാജി, അബ്ദുസമദ് സമദാനി, എ. വിജയരാഘവൻ തുടങ്ങിയ എം.പി.മാരുടെ പ്രാദേശികവികസന ഫണ്ടിൽ നിന്നും കോളജിന്റെ വികസനപ്രവർത്തനങ്ങൾക്കു പണം നൽകിയിട്ടുണ്ട്. ചില പ്രത്യേക കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് രക്ഷാകർത്താക്കളിൽ നിന്നും വൻതുകയാണ് ഓരോ വർഷവും പിരിച്ചെടുക്കുന്നത്. ഇങ്ങനെ സർക്കാരിന്റെയും പൊതുജനങ്ങളുടെയും സമ്പത്തും സഹായവും കൊണ്ടു വളർത്തിയെടുത്ത ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് എം. ഇ. എസ്. ഇന്ന് അവരുടെ സ്വകാര്യ സ്വത്ത് എന്ന നിലയിൽ കൈകാര്യം ചെയ്യുന്നത്. വൻ തുക ഫീസായും കോഴയായും നൽകാൻ കഴിയുന്നവർക്കുമാത്രമാണ് സ്വാശ്രയ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നത്. ദരിദ്രരുടെയും അധഃസ്ഥിതരുടെയും മുന്നിൽ ഈ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാതിൽ വലിച്ചടയ്ക്കുകയാണ് എം. ഇ. എസ്. മാനേജ്മെന്റ് ഇതിന്നെതിരായരോഷം പൊന്നാനിയുടെ സമൂഹമനസ്സിൽ പുകഞ്ഞുയരുന്നുണ്ട്.

വിവിധ രാഷ്ട്രീയ കക്ഷികളും സാംസ്കാരിക പ്രസ്ഥാനങ്ങളും സർവ്വീസ് സംഘടനകളും, യുവജനവിദ്യാർത്ഥി സംഘടനകളും പ്രതിഷേധ സമരത്തിൽ പങ്കാളികളാകുന്നുണ്ട്. ഇമ്പിച്ചി ബാവ സ്മാരക ട്രസ്ററ്, മത്സ്യത്തൊഴിലാളി യൂണിയൻ (സി. ഐ.ടി.യു) സഫ്ദർ ഹശ്മി സാംസ്കാരിക വേദി പൊന്നാനി, സേവന പൊന്നാനി, എ.കെ.ജി ആർട്സ് ആന്റ് സ്പോർസ്ട് ക്ളബ്ബ്, പൊന്നാനി സാംസ്കാരിക വേദി, 'ചെ' സാംസ്കാരിക വേദി ഡി.വൈ. എഫ്. ഐ, എസ്. എഫ്. ഐ തുടങ്ങിയ പ്രസ്ഥാനങ്ങൾ എ. കെ. പി. സി. ടി. എ യോടൊപ്പം ഈ പ്രതിഷേധ പ്രക്ഷോഭത്തിൽ അണിചേർന്നുകഴിഞ്ഞു.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

# COSMO BOOKS

RoundWest, Thrissur-680001 Phone:0487-2335292, 2335570
E-mail:cosmobooks@asianetindia.com

## BRANCHES

Kozhikode
Rly.Station Link Road
Ph:0495-2703487
Fax:0495-2700049
E-mail:cosmoboo@sancharnet.in

Ernakulam
Press club Road
Ph:0494-2353818

# COSMOBOOKS

(SCHOOL DIVISION)
Room No.10/342 B-1, Taj Complex, PM Taj Road,
Kozhikode-673 001, Phone:2724622

# ജിന്നാ പ്രകീർത്തനത്തിന്റെ ഭിന്നഭാവം

എം.എസ്.വസന്തകുമാർ
എസ്.എൻ.കോളജ്, കൊല്ലം



പ്രസ്താവന ക്ഷിപ്രസ്പർശിയാക്കുന്ന കല, അധുനാതന നേതൃത്വഗുണ ഗണത്തിൽ പരമപ്രധാനം. പ്രധാനമന്ത്രിയായിരുന്ന കാലത്ത് വാജ്പേയി ലണ്ടനിൽ പോയി താനൊരു സ്വയം സേവകനാണ് എന്നു പറഞ്ഞാണ് ഈ കലയുടെ സ്പർശം ഭാരതത്തിന്റെ സർവ തലങ്ങളെയും അറിയിച്ചത്. അന്ന് ഉള്ള് കൊണ്ട് ആനന്ദിച്ചവർ അദ്ദേഹത്തിന്റെ പാർട്ടിയിലെ അദ്ദേഹത്തിന്റെ മിതസമീപനം ബോധിക്കാത്തവരാണ്. അവരെ ഉദ്ദേശിച്ച് തന്നെയായിരുന്നു ആ പ്രസ്താവന. ബാബറി പള്ളി പൊളിഞ്ഞു വീഴുന്നത് കാൺകെ ഉമാഭാരതിയോടൊപ്പം ആശ്ലേഷസുന്ദരമായ ആഹ്ളാദം പങ്കിട്ട അദ്വാനിയുടെ പേരിൽ മിതവാദി എന്നൊരു പരാതി ആർക്കുമില്ല. കാക്കി നിക്കറും വെള്ള ഉടുപ്പും തൊപ്പിയും വടിയുമേന്തി സ്വയം സ്വയം സേവകനായി തീർന്ന ബി. ജെ. പി പ്രസിഡന്റിന് പാക്കിസ്ഥാനിലെ ഗൃഹാതുരമായ അന്തരീക്ഷം മതേതര ഭാവം പകർന്നുപോലും ! പള്ളി നിലമ്പതിച്ച ദിവസം തന്റെ ജീവിതത്തിലെ ദുഃഖപൂർണ്ണമായ ദിവസമാണ് എന്ന് ആ ഭാവത്തിന്റെ ഒരു മൂർദ്ധന്യത്തിൽ അദ്ദേഹം പറഞ്ഞുപോയി. ഇന്ത്യാവിഭജനത്തിന് ഒരു മുസ്ലീം മാനദണ്ഡം പകർന്ന മുഹമ്മദ് ആലിജിന്ന ഒരു മതേതരവാദിയാണെന്നും അദ്ദേഹം പറഞ്ഞു. സ്വന്തം സഖാക്കൾക്കുവേണ്ടിയായിരുന്നില്ല അദ്വാനിയുടെ ഈ പ്രസ്താവനകൾ.


ഇതരർക്ക് വേണ്ടി സ്റേറജ് മാനേജ് ചെയ്ത ഈ പ്രസ്താവനകൾ സൃഷ്ടിച്ച വാദകോലാഹലവും രാജിവച്ച് പിൻവലിക്കലുമായി മാദ്ധ്യമങ്ങളുടെ വാ ഏറെ കഴയ്ക്കുകയും ചെയ്തിരിക്കുന്നു.

**ലക്ഷ്യം**

കടുത്ത ഹൈന്ദവ രാഷ്ട്രീയത്തിന്റെ ഉന്നത പ്രതിനിധിയാണ് അദ്വാനി. ജിന്നയുടെ സെക്കുലർ വ്യക്തിത്വത്തെ സംബന്ധിച്ച സുദൃഢമായ ധാരണ ഉള്ള ആളാണദ്ദേഹം. ഇന്ത്യാവിഭജനത്തിന്റെ വമ്പൻ കെടുതികൾ കണ്ടും അറിഞ്ഞും അനുഭവിച്ചും ജന്മനാട്ടിൽ നിന്ന് പലായനം ചെയ്ത അദ്വാനിക്ക് ജിന്നാവിരുദ്ധമായ ഒററനിലയേ ഉള്ളൂ എന്ന് മനസ്സിലാക്കാൻ സാമാന്യബുദ്ധിമതി. അദ്വാനിയുടെ സഖാക്കൾക്കും അതുണ്ടല്ലോ.

മുസ്ലീം സമുദായത്തിൽ നിന്ന് ഉയർന്നുവന്ന ബൂർഷ്വാവിഭാഗത്തിന്റെ വളർച്ചയുടെ യഥാർത്ഥ പ്രതിനിധി ആണ് മുഹമ്മദ് ആലി ജിന്ന. ഇന്ത്യയുടെ ആദ്യകാല രാഷ്ട്രീയത്തിൽ മിതവാദി വിഭാഗത്തിൽപ്പെട്ടുകൊണ്ട് പ്രവർത്തിച്ച ആളാണ് ജിന്ന. മററു മുസ്ലീം സമുദായ നേതാക്കളിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യൻ ബൂർഷ്വാസിയുടെ മുഴുവൻ താല്പര്യങ്ങൾക്കുവേണ്ടിയാണ് വട്ടമേശസമ്മേളനങ്ങളുടെ കാല





ഘട്ടം വരെ പ്രവർത്തിച്ചത്. അക്കാലത്ത് മുസ്ലീം സമുദായ നേതാക്കളിൽ വച്ച് ഏററവും അധികം ദേശീയ വാദപ്രവണത അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് മുസ്ലീം വിഭാഗീയതയുടെ ഉത്തമ പ്രതിനിധിയായും അതിന്റെ പേരിൽ പ്രത്യക്ഷസമരത്തിനു വേണ്ടി ആഹ്വാനം നൽകുന്ന നേതാവായും അദ്ദേഹം പ്രത്യക്ഷപ്പെടുകയാണ് ഉണ്ടായത്.

മുസ്ലീം സമുദായത്തിലെ ചില കോൺഗ്രസ് നേതാക്കൾക്ക് അധികാരത്തിന്റെ സുഖവും സ്വാദും അനുഭവിക്കാൻ അവസരങ്ങളുണ്ടായതിൽ നിന്നാണ് മുസ്ലീങ്ങൾക്ക് പ്രത്യേക രാഷ്ട്രം എന്ന ആശയത്തിന്റെ ജനനം എന്ന് ഇ. എം. എസ് സാക്ഷ്യപ്പെടുത്തുന്നു.' ഇന്ത്യയുടെ പ്രധാന വ്യാവസായിക കേന്ദ്രങ്ങളിൽ ഒന്നായ കൽക്കത്ത ഉൾക്കൊള്ളുന്ന ബംഗാളിലും പിന്നെ പഞ്ചാബിലും ആണ് മുസ്ലീം നേതൃത്വത്തിലുള്ള കോൺഗ്രസ് മന്ത്രിസഭകൾ രൂപം കൊണ്ടത്. ഈ സംസ്ഥാന മന്ത്രിസഭകളിൽ ഇരിക്കാൻ അവസരം ലഭിച്ച മുസ്ലീം നേതാക്കൾ അവിടങ്ങളിലെ മുസ്ലീം ബൂർഷ്വാ വിഭാഗങ്ങളെ സംരക്ഷിച്ചു. ഇങ്ങനെയെങ്കിൽ ഒരു രാഷ്ട്രത്തിന്റെ തലപ്പത്ത് സ്വജാതിക്കാർ വന്നാൽ എന്തായിരിക്കും സുഖം എന്ന ചിന്തയുടെ തള്ളിച്ചയാണ് ഒരു പ്രത്യേക മുസ്ലീം രാഷ്ട്രം എന്ന ആശയത്തിന്റെ ബീജാവാപം. ഈ ആശയത്തിന്റെ സാക്ഷാത്കാരത്തിന് വേണ്ടിയാണ് ജിന്ന നിലകൊണ്ടതും.

1937 ൽ ജവഹർലാൽ നെഹ്റു പ്രസ്താവിച്ചത് ഇ
ന്ത്യയിൽ രണ്ട് ശക്തികളാണ് ഉള്ളത് എന്നാണ്. ഒന്ന്
ബ്രിട്ടീഷ് സാമ്രാജ്യശക്തി മറെറാന്ന് ഇന്ത്യൻ ദേശീയ ശ
ക്തി. അപ്പോൾ മുഹമ്മദ് അലി ജിന്ന പറഞ്ഞു മൂന്നാമ
ത് ഒന്നുകൂടി ഉണ്ട് - മുസ്ലീം ശക്തി ![2]
ഈ ആവേശത്തിന്റെ പരിണത ഫലം ചരിത്രത്തെ
ഉലയ്ക്കുന്ന ഇന്ത്യാവിഭജനവുമായി ബന്ധപ്പെട്ട സംഭ
വപരമ്പരകളായി.
രാജ്യവും വീടും മാറി കൂട്ടം കൂട്ടമായി കിഴക്കോട്ടേ
ക്കും പടിഞ്ഞാറേക്കും നീറുന്ന മനസ്സുകളുമായി പദയാ
ത്ര ചെയ്ത പന്ത്രണ്ടു ദശലക്ഷം ഭാരതീയരുടെ ദുർവി
ധി ആയിരുന്നു ഇന്ത്യാവിഭജനം. ജാതി തിരിഞ്ഞുള്ള
പരസ്പര കശാപ്പുകളുടെ ചോരപ്പുഴ സമാന്തരമായി ഒ
ഴുകി. പട്ടിണിയും രോഗവും ഇവ മൂലമുള്ള മരണവും
അന്നത്തെ അന്തരീക്ഷത്തിലെ പേക്കിനാക്കഴുകന്മാരായി
രുന്നു. എഴുപത്തി അയ്യായിരത്തോളം സഹോദരിമാർ
ലൈംഗിക കാട്ടാളത്തത്തിന്റെ ഇരകളായി. ആയിരക്ക
ണക്കിന് കുടുംബങ്ങൾ ശിഥിലമായി, കൃഷിവയലുകൾ
അട്ട് നശിച്ചു, ഗ്രാമങ്ങൾ അനാഥമായി..... വിഭജനത്തി
ന്റെ പദ്ധതി, മുറിക്കുള്ളിലിരുന്ന് വിരചിച്ച വീരന്മാർക്ക്
സങ്കല്പിക്കാൻ കഴിയാഞ്ഞ ദുരന്തങ്ങൾ സ്വസ്ഥതയു
ടെ ശിരസ്സറുത്ത് ചുടലനൃത്തമാടി. മൈലുകൾ നീണ്ട
അഭയാർത്ഥിപ്പററങ്ങൾ അനിശ്ചിതത്വത്തിന്റെ കരിനിഴ
ലിൽ നടന്നു നീങ്ങി.' ............ നിക്ഷിപ്ത താല്പര്യങ്ങ
ളുടെ ബാധ കേറിയവർക്ക് സമൂഹമോ അതിന്റെ സ്പന്ദ
ങ്ങളോ ഒരു ചിന്തപോലുമല്ല. അക്കൂട്ടത്തിലൊരാൾ എ
ന്ന് പരക്കെ ആക്ഷേപിക്കപ്പെട്ട ജിന്ന മതേതരവാദിയാ
യി പ്രഖ്യാപിക്കപ്പെട്ടാൽ, പ്രഖ്യാപകന്റെ കരുതിക്കൂട്ടിയുള്ള
'കുത്തുവാക്ക്' എന്നല്ലാതെ എന്തു പറയാൻ?

ഇത്കേട്ട് ആർ എസ് എസ് വിഭാഗം നിശ്ശബ്ദമായി
ഇരുന്നു എങ്കിൽ ഇടംകാതിലൂടേറി വലം കാതിലൂടെ പു
റത്തുപോകുന്ന സാദാ പ്രസ്താവനയായി അദ്വാനിയു
ടെ വാക്കുകൾ അസ്തമിച്ച് അണഞ്ഞുപോയേനെ! മുൻ
കൂർ തീരുമാനിച്ച വണ്ണം അദ്വാനിയോട് പ്രസ്താവന പിൻ
വലിക്കാൻ പറയുന്നു, ഇല്ലെങ്കിൽ രാജിവയ്ക്കാൻ പറ
യുന്നു...... അദ്വാനി രാജി വയ്ക്കുന്നു, പിന്നെ രാജി പിൻ
വലിക്കുന്നു. ഇതൊക്കെ വെറും മേളം. ബുദ്ധിമാനായ
അദ്വാനി ഉദ്ദേശിച്ചതിലും അപ്പുറം ജിന്നയെക്കുറിച്ച് അ
ന്വേഷണവും വായനയും എഴുത്തും നടക്കുന്നു. ജിന്ന
യുടെ ഉൾപ്പെടെയുള്ള കാർമ്മികത്വത്തിൽ നടന്ന ഇന്ത്യാ
വിഭജനത്തെ ചർച്ചയ്ക്കും പരിചിന്തനത്തിനും വിഷയീ
ഭവിപ്പിക്കുന്നു......

കൂട്ടക്കൊലയും കൊള്ളിവയ്പും ബലാത്സംഗവും കൂ
ട്ടുമാററവും പലായനവും ഒക്കെ നടക്കുന്നതിലേയ്ക്ക് ന
യിച്ച ഭാഗം വയ്ക്കൽ അപഹാസ്യമായ തലത്തിലാണ്
നടന്നത്. ചരിത്രത്തിലെ ഏററവും സങ്കീർണ്ണമായ ബ
ന്ധവിച്ഛേദം എന്ന് കോളിൻസും ലാപിയറും വിശേ
ഷിപ്പിച്ച് (സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ) അദ്ധ്യായത്തിൽ

വിവരിക്കുന്നുണ്ട്. "...... കൂടാതെ കൈവശമുള്ള ധനവും വിഭജിക്കേണ്ടിയിരിക്കുന്നു. സ്റേററ് ബാങ്കുകളിലെ പണം, ബാങ്ക് ഓഫ് ഇന്ത്യയിലെ കല്ലറകളിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണക്കട്ടികൾ, തുടങ്ങി തലവെട്ടി നാഗന്മാർക്കിടയിലെ കുടിലിൽ കഴിയുന്ന ഡിസ്ട്രിക്ട് കമ്മീഷണറുടെ കൊച്ചു പണപ്പെട്ടിയിൽ കിടക്കുന്ന ഉരഞ്ഞ തപാൽസ്റാമ്പും അഴുക്കു പുരണ്ട വെള്ളിത്തുട്ടുകളും വരെ.... ഈ ഭാഗം വയ്പ്, ചിലപ്പോൾ അമ്പരപ്പിക്കുന്ന സങ്കുചിത മനോഭാവവും ചെററത്തവും സൃഷ്ടിച്ചിരുന്നു...." വിഭജനത്തിന്റെ ഓരോ സൂക്ഷ്മചലനവും സൃഷ്ടിച്ചത് വേദനയും വെറുപ്പും ജുഗുപ്സയും പരിഹാസവുമാണ്. നഷ്ടത്തിന്റെ തീക്ഷ്ണബോധം തളർത്തിയ മനസ്സുമായി മഹാത്മജി നിസ്സഹായനായി പറഞ്ഞത് അർദ്ധരാത്രി സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഏവരും ഉണർന്നിരുന്ന് രാജ്യത്തിന്റെ ഭാവിക്ക് വേണ്ടി പ്രാർത്ഥിക്കൂ എന്നാണ്.

മുസ്ലിം സാമ്രാജ്യം പടയ്ക്കാൻ ഇറങ്ങിത്തിരിച്ച ജിന്നയ്ക്ക് ഇന്ന് ചരിത്രം കാഴ്ചവയ്ക്കുന്നത് ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ഇന്ത്യ എന്നീ രാജ്യങ്ങളിൽ വിഘടിതമായിക്കിടക്കുന്ന മുസ്ലിം ജനസംഖ്യയാണ് - ഒരു പക്ഷേ ഒരു ഉപഭൂഖണ്ഡത്തിന്റെ ബഹുലമായ പരപ്പിൽ ഒന്നായി, ഒരു അതിർത്തിക്കുള്ളിൽ നിലനില്ക്കേണ്ടിയിരുന്ന, സ്വാധീനശക്തിയായി വിരാജിക്കേണ്ടിയിരുന്ന മതവിഭാഗം.[5] ആ നിലയ്ക്ക് വിഭജനത്തിന്റെ വൻനഷ്ടം ജിന്ന വാങ്ങി കൊടുത്തിരിക്കുന്നത് മുസ്ലിം ജനതയ്ക്കത്രെ.

എല്ലാ മതവിഭാഗങ്ങളെയും സമദൃഷ്ടിയോടെ സമീപിക്കുന്ന മഹത്തായ ആശയമാണ് സെക്കുലറിസം അഥവാ മതേതരത്വം. അത് ഒട്ടുമേ ഇല്ലാത്ത ആളാണ് ജിന്ന എന്നതാണ് പാകിസ്ഥാനിൽ നിന്ന് അദ്വാനി പറഞ്ഞ വാക്യത്തിന്റെ അഗാധ കുത്തുവാക്കിന്റെ പൊരുൾ. ആ പൊരുൾ ഇളക്കാൻ വേണ്ട നേതൃത്വ ഗുണം അദ്വാനിജിക്ക് യഥേഷ്ടമുണ്ട്. അതുകൊണ്ട് കൂടിയാണല്ലോ പള്ളി വീണ ദിവസമാണ് തന്റെ ജീവിതത്തിലെ ഏററവും ദുഃഖപൂർണ്ണമായ ദിവസമെന്ന് അദ്ദേഹം പ്രസ്താവിച്ചതും.

References


1. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം - ഇ എം എസ് ചിന്ത പബ്ളിഷേഴ്സ്
2. The lost chances of history - Colin Gonsalves (The Hindu June 22, 2005)
3. The other side of silence (Voices from the Partition of India) - Urvashi Butalia Viking Penguin India
4. സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ - ലാരി കോളിൻസ്, ഡൊമിനിക് ലാപിയർ (വിവ: ടി. കെ. ജി. നായർ, എം. എസ്. സി. വാരിയർ) DC ബുക്സ് കോട്ടയം.
5. The view from Pakistan - Kuldip Nayar (The New Indian Express, June 21, 2005)


# വക്രോക്തി കൈരളിക്ക് അക്കാദമി അവാർഡ്




കേരള സാഹിത്യ അക്കാദമിയുടെ വിമർശനത്തിനുള്ള ഇക്കൊല്ലത്തെ കുററിപ്പുഴ അവാർഡ് ഡോ. പൂജപ്പുര കൃഷ്ണൻ നായരുടെ വക്രോക്തി കൈരളി എന്ന സാഹിത്യ ശാസ്ത്ര ഗ്രന്ഥത്തിനു ലഭിച്ചിരിക്കുന്നു. ശാസ്താംകോട്ട ദേവസ്വംബോർഡു കോളജിലെ മലയാള വിഭാഗം റീഡറാണ് ഇദ്ദേഹം. കൃഷ്ണൻ നായരുടെ ആദ്യത്തെ പുസ്തകമായ രസകൗമുദിക്കും കേരള സാഹിത്യ അക്കാദമി അവാർഡു ലഭിച്ചിരുന്നു. കേരള ഭാഷാ ഇൻസ്ററിറ്റ്യൂട്ടാണ് വക്രോക്തി കൈരളിയുടെ പ്രസാധകർ.

## ഡോക്ടറേററ്



പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന ഡോ. ജി. രാമചന്ദ്രന്റെ ജീവിതത്തെയും ദർശനങ്ങളെയും അടിസ്ഥാനമാക്കി നടത്തിയ ഗവേഷണ പഠനത്തിന് എം. ജി. സർവകലാശാലയിൽ നിന്നു ഡോക്ടറേററ് ലഭിച്ച ശ്രീ. ററി. എം. മാത്യു മാന്നാനം കെ. ഈ. കോളജ് ഹിസ്ററി വകുപ്പധ്യക്ഷനായ ഇദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശകൻ ഡോ. ജോസഫ് സെബാസ്ററ്യൻ തെക്കേടം (എസ്. ബി. കോളജ്) ആയിരുന്നു.

# പ്രകടനത്തിനിടയിൽ നിന്നും ചില ചിത്രങ്ങൾ



പ്രമോദ് വെള്ളച്ചാൽ

എം. ജി. കോളജ്, ഇരിട്ടി, കണ്ണൂർ

അസ്വസ്ഥതകൾ
ഉള്ളിൽ വീർപ്പിച്ച്
പൊള്ളുന്ന കടലിനുമീതെ
സൂര്യനിത്തിരിനേരം ചുവന്ന
കിതപ്പുള്ള സായാഹ്നത്തിൽ
നഗരചത്വരത്തിന്റെ
ഇനിയും വിലക്കപ്പെടാത്ത
വഴികളിലൂടെ
കണ്ഠനാളത്തിലെ
ഉറവകളില്ലാത്ത മരുഭൂമിയിൽ നിന്നും
വാക്കുകൾ, ജീവന്റെ പന്തം കൊളുത്തിയ
അതിജീവനത്തിന്റെ
പ്രതിഷേധ യാത്രയിൽ നിന്നും
കണ്ണുകൾ മെല്ലെ പറന്നുപോയി.
അകലങ്ങളിലേക്കല്ല,
അരികിൽ..... വഴിയരികിൽ
ദ്രവിച്ചുകൊണ്ടിരിക്കുന്ന
സുരക്ഷയുടെ
ഇരുമ്പ് സാക്ഷകൾക്ക് പിന്നിൽ
അനാഥാലയത്തിലെ
നക്ഷത്രക്കുഞ്ഞുങ്ങൾ
കൂട്ടം കൂട്ടമായ് വന്നുനിൽക്കുന്നു.
ആ കണ്ണുകളിലെല്ലാം
ഊതിക്കെടുത്തുവാൻ പററാത്ത
പ്രജ്ഞയുടെ പ്രകാശഗോളങ്ങളുണ്ട്.
ചുരുട്ടിപ്പിടിച്ച കൈകളിൽ
ഒരു ജന്മത്തിന്റെ ഊഷ്മാവുണ്ട്.
പ്രചണ്ഡ കാലങ്ങളിൽ
തുണതേടും ഭയങ്ങളിൽ
അമ്മയുടെ നേർത്ത താരാട്ടുണ്ട്.
ദാഹത്തിന്റെ അഗ്നിപാതാളങ്ങളിൽ
മഴത്തുള്ളികൾ തേടുന്ന
കാത്തിരിപ്പുകൾ നിനവുകളിലുണ്ട്.
മുദ്രാ വാക്യങ്ങളുടെ സങ്കടം
ആത്മരോഷത്തിന്റെ
ലാവാമുഖങ്ങളിൽ
പൊള്ളിയൊലിക്കുമ്പോൾ
ഒന്ന് തിരിഞ്ഞുപോലും നോക്കാതെ
വൺഡേ മാച്ചിന്റെ ലഹരിയിൽ
മുക്രയിടുന്നവന്റെ രാജ്യ സ്നേഹം
ഇളകിയാടുന്നു.
അസ്തമയത്തിന് മുന്നേ
വീണടയേണ്ടവർ
'വഴിമുടക്കി'കളെ നോക്കി
പല്ലിളിക്കുന്നു.
വീട്ടിലേക്കോടിപ്പോയ്
വെടിപറഞ്ഞിരിക്കുന്നവർ
വെടിയുണ്ടകളുടെ ശബ്ദം
കേൾക്കുന്നേയില്ല.
ഇന്റർനെററ് കഫെയിൽ നിന്നും
ചാററ് ചെയ്തിറങ്ങിയ കാമുകൻ
ഇലക്ട്രോണിക് ചുംബനങ്ങൾ
കവിളിൽ താലോലിച്ച്
നീരസത്തോടെ പാതമുറിച്ചു കടക്കാൻ ശ്രമിക്കുന്നു.
എന്റെ മനസ്സിൽ
അറിയാതെ
ഒരു പ്രണയഗാനം മുഴങ്ങുന്നു.
പ്രിയപ്പെട്ടവളെ
നിന്റെ സ്നേഹം പുരട്ടിയ
ഈ തൂവാല ഞാൻ കൊണ്ടുപോകുന്നു.
എന്തിനാണെന്നോ?
പോർക്കളങ്ങളിൽ നെഞ്ച് തുളഞ്ഞ്
ചോരതെറിച്ചു വീഴുമ്പോൾ
അവിടെ ചേർത്തു വച്ച്
പ്രണയ സാന്ത്വനം നുകർന്ന്
ധീരമായ് കണ്ണടയ്ക്കാൻ!
സ്ക്രീനിൽ
വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു.
കാൺകൂൺ മുതൽ
കബനീതീരം വരെ
മൂലധനാധിപത്യത്തിന്റെ
സൂര്യാഘാതമേററ്
മനുഷ്യ കീടങ്ങൾ ചത്തുകൊണ്ടിരിക്കുന്നു.
നിലക്കാത്ത പ്രകടനം
നാൾവഴികളിലൂടെ
സഞ്ചരിച്ചു കൊണ്ടേയിരിക്കുന്നു.




ഡോ. സി. ആർ. പ്രസാദ്
എം. ജി. കോളജ്, തിരുവനന്തപുരം

പ്രകൃതിയിലേക്ക് മടങ്ങാൻ
പ്രസാധകർ : ഡി. സി. ബുക്സ്, കോട്ടയം
വില : 110 രൂപ

# ഫുക്കുവോക്കയുടെ പ്രകൃതിദർശനം

ഭൂമിയിലെ മനുഷ്യന്റെ നിലനിൽപ്പ് അവരുടെ മാത്രം ജീവിതത്തെ അടിസ്ഥാനമാക്കിയുള്ളതല്ലെന്നും ജീവിക്കുന്ന ചുററുപാടിന്റെ മൺതരിയും ചെറുജീവികളും പുൽനാമ്പുകളും കൂടിയുൾപ്പെടുന്ന ഒരു ആവാസവ്യവസ്ഥയുടെ പാരസ്പര്യത്തിലൂടെയാണെന്നുമുള്ള കാഴ്ചപ്പാട് ഇന്നു ശക്തമായിത്തീരുന്നുണ്ട്. മനുഷ്യനെ മാത്രം മുൻനിർത്തിയുള്ള പരിഷ്ക്കാരത്തിനും ജീവിതശൈലിക്കും സൃഷ്ടിക്കാൻ കഴിയുന്നത് നരകത്തെ മാത്രമാണെന്നും കൂടുതൽ ആളുകൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. സമ്പാദ്യത്തെയും ലാഭത്തെയും മാത്രം മുന്നിൽകണ്ടു കൊണ്ടുള്ള പ്രവർത്തനം മനുഷ്യ നാശത്തിലേക്കു മാത്രമാണ് കൊണ്ടെത്തിക്കുക. ശാസ്ത്ര നേട്ടങ്ങളെ ചോദ്യം ചെയ്ത ആധുനിക കൃഷിശാസ്ത്രത്തിന്റെ രീതികളെ എതിർത്ത മസനോബു ഫുക്കുവോക്ക തന്റെ അന്വേഷണങ്ങളിലൂടെ ശക്തമായി വാദിക്കുന്ന കാര്യം ഇതാണ്. മാനവസംസ്ക്കാരത്തിന്റെ എല്ലാ നേട്ടങ്ങളും പ്രകൃതിയുടെ സാകല്യത്തിൽ നിഷ്പ്രഭമാണെന്ന വെളിച്ചം അദ്ദേഹത്തിന്റെ കാഴ്ചയെ തെളിമയുററതാക്കുന്നു.

പാരിസ്ഥിതികാവബോധം മാനവസംസ്കൃതിയിൽ അത്യന്താപേക്ഷിതമാണെന്ന് ഫുക്കുവോക്ക സ്ഥാപിക്കുന്നു. The one - Straw Revolution, Natural way of farming: The Theory and Practice of Green Philosopy, The Road Back to Nature. എന്നിവയാണ് അദ്ദേഹത്തിന്റെ പ്രശസ്ത കൃതികൾ. ഇതിൽ അവസാനത്തേത്, 'പ്രകൃതിയിലേക്ക് മടങ്ങാൻ' എന്ന പേരിൽ കെ. എം. ആർ. മോഹൻ വിവർത്തനം ചെയ്തത് ഡി. സി. ബുക്സ് പുനഃ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമേരിക്ക സമ്പന്നതയുടെ നാട്? ഞാൻ കണ്ട യൂറോപ്പ്, ഇററലിയിൽ പ്രകൃതി കൃഷി വേരുപിടിക്കുന്നു, ഭക്ഷണവും ആവാസവ്യവസ്ഥയും, പ്രകൃതികൃഷി- വ്യക്തിപരമായ സാക്ഷ്യം, പ്രകൃതിയും, ഈശ്വരനും, മനുഷ്യനും, നേരായ ഹരിതവിപ്ളവത്തിന്റെ ബീജാവാപം എന്നീ ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ പുസ്തകത്തിൽ മനുഷ്യ സ്നേഹിയായ, പ്രകൃതി സ്നേഹിയായ ഒരു ചിന്തകന്റെ ജീവിതദർശനം തെളിഞ്ഞു കാണാം.

കൃഷിരീതിയെയും ഭക്ഷണക്രമത്തെയും കേന്ദ്ര സ്ഥാനത്തു നിർത്തിക്കൊണ്ടുള്ള അന്വേഷണമാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത് എന്ന ക്രിസ്തുവിന്റെ വാക്കുകൾ മനുഷ്യരാശിയുടെ ഭാവിയിലേക്കുള്ള ചൂണ്ടുപലകയായി ഫുക്കുവോക്ക കരുതുന്നു. " ഈശ്വരന്റെയും പ്രകൃതിയുടെയും മനുഷ്യന്റെയും നേരായ ചിത്രം വരച്ചുകാട്ടാനാണ് ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. അത്രയും ദുർഘടമായ സംരംഭം മൂഢനായ കർഷകന്റെ കഴിവുകൾക്കപ്പുറമാണ് എന്നും ഈ പുസ്തകത്തിന്റെ ജാപ്പനീസ് പതിപ്പിന്റെ മുഖവുരയിൽ അദ്ദേഹം പറയുന്നുണ്ട്. പ്രകൃതിയെ കീറിമുറിച്ചുകൊണ്ട് ശാസ്ത്രകാരന്മാർക്ക് കണ്ടെത്താനാവുന്ന ഒന്നല്ല പ്രകൃതിയുടെ ആത്മാവ് എന്ന വിശ്വാസമാണ് ഫുക്കുവോക്കയെ നയിക്കുന്ന ചിന്താശക്തി.

കൃഷിരീതിക്കുണ്ടായ താളപ്പിഴകളും ദേശത്തിന് അനുയോജ്യമല്ലാത്ത കൃഷിരീതി ഭൂമിയെ എങ്ങനെ മരുഭൂമിയാക്കി മാററുന്നുവെന്നും മനുഷ്യന്റെ ഭക്ഷണക്രമം കൃഷിരീതിയെ എങ്ങനെ ബാധിക്കുന്നുവെന്നും, ഇത്തരം പ്രവർത്തനങ്ങൾ കർഷകരെയും രാഷ്ട്രത്തെത്തന്നെയും എങ്ങനെ ദാരിദ്ര്യത്തിലേക്കു നയിക്കുന്നുവെന്നും ഫുക്കുവോക്ക ഈ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. മിക്ക

രാജ്യങ്ങളും പുറമേ നിന്ന് അഭിനന്ദിക്കുന്ന അമേരിക്കൻ സമ്പ്രദായത്തിന്റെ അപകടങ്ങൾ എന്താണെന്നും അദ്ദേഹം കണ്ടെത്തുന്നുണ്ട്. കുറച്ചു സ്ഥലത്ത് കൃഷി ചെയ്യുന്ന ജപ്പാൻ കർഷകരെക്കാൾ, വിപുലമായ സ്ഥലത്ത് കൃഷിനടത്തുന്ന അമേരിക്കൻ കർഷകർ എന്തുകൊണ്ട് ദരിദ്രരാവുന്നു എന്ന അന്വേഷണം കൃഷിയും പ്രകൃതിയും തമ്മിലുള്ള ജൈവബന്ധത്തിലേക്കാണ് ഫുക്കുവോക്കയെ കൊണ്ടെത്തിക്കുന്നത്. പ്രകൃതിയെ താറുമാറാക്കും വിധം അതിന്മേൽ നിയന്ത്രണം പുലർത്തുന്നതു കൊണ്ടാണ് അമേരിക്കയിലെ കർഷകർ ഇത്ര ദരിദ്രാവസ്ഥയിലായിരിക്കുന്നത് എന്നും അവരുടെ മാംസപ്രധാന ആഹാരരീതിയാണ് അതിന് ഒരു കാരണമെന്നും അദ്ദേഹം പറയുന്നു. അമേരിക്കയിൽ കൃഷി വേരുറച്ചത് മനുഷ്യർക്കു വേണ്ടിയുള്ളതായിട്ടല്ല, മറിച്ച് പന്നികൾക്കും കാലികൾക്കും വേണ്ടിയാണ് എന്ന് കണ്ടെത്തുമ്പോൾ ഫുക്കുവോക്ക കൃഷിയുടെ ശരിയായ ലക്ഷ്യത്തെയും രീതിയെയുമാണ് അന്വേഷിക്കുന്നത്.

ഫുക്കുവോക്കയുടെ നിരീക്ഷണങ്ങൾ ജന്മംകൊണ്ട അവസ്ഥയിൽ നിന്ന് ലോകം ഇന്ന് എത്രയോ മാറിയിരിക്കുന്നു. മനുഷ്യന്റെ ലാഭം മാത്രം മുന്നിൽകണ്ട് പ്രാദേശിക വിഭവങ്ങൾ കൊള്ളയടിക്കുന്ന വർത്തമാനകാല ഭരണ ഹുങ്കിന്റെ പ്രവർത്തനങ്ങൾ കേരളീയരും പ്രകടമായി അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. പ്ലാച്ചിമടയും ആറാട്ടുപുഴയും മററും സാധാരണക്കാരന്റെ ചിന്തയിൽ തീപിടിപ്പിക്കുന്ന ഈ കാലത്ത് ഫുക്കുവോക്കയുടെ സാക്ഷ്യങ്ങൾ കൂടുതൽ ബലം നല്കും. മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ട ഈ പുസ്തകത്തിന്റെ വർത്തമാനകാല പ്രസക്തിയും അതാണ്. പുസ്തകത്തിന്റെ ജീവന് വാട്ടമെന്നും കൂടാതെ മലയാളത്തിലേക്ക് പറിച്ചുനടാൻ കെ. എം. ആർ മോഹനനും കഴിയുന്നുണ്ട്.




**ഗ്രേസിയുടെ കഥകൾ**
**പ്രസാധകർ: ഡി. സി. ബുക്സ്, കോട്ടയം**
**വില: 140 രൂപ**

# ഗ്രേസിയുടെ കഥകൾ

സ്ത്രീപക്ഷാനുഭവത്തിന്റെ വിവിധ തലങ്ങൾ അവതരിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്ന എഴുത്തുകാരിയാണ് ഗ്രേസി. സമൂഹം സ്ത്രീയെ കാണുന്ന രീതിമാത്രമല്ല, സ്ത്രീക്ക് മറെറാരു സ്ത്രീയെക്കുറിച്ചും തന്നെക്കുറിച്ചു തന്നെയുമുള്ള ചിന്തകളുടെ വൈവിദ്ധ്യം ഗ്രേസിയുടെ രചനകളിലെ ശക്തിയാണ്. സ്ത്രീലൈംഗികത അവതരിപ്പിച്ചാൽ മാത്രമേ സ്ത്രീപക്ഷ രചനയാവൂ എന്ന പുതിയ എഴുത്തുകുട്ടികളുടെ ചിന്താഗതി എത്രമാത്രം തെററാണ് എന്ന് തെളിയാൻ ഗ്രേസിയുടെ രചനകൾ വായിച്ചാൽ മതി. ഗ്രേസിയുടെ ഇതേവരെ പ്രസിദ്ധീകരിച്ച കഥകളുടെ ഒരു സമഗ്രരൂപമാണ് ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച 'ഗ്രേസിയുടെ കഥകൾ' എൺപതോളം' രചനകൾ ഉൾക്കൊള്ളുന്ന ഈ സമാഹാരം ഗ്രേസി എന്ന എഴുത്തുകാരിയുടെ രചനാ പദ്ധതി വെളിവാക്കുന്നതാണ്.

ആഖ്യാനം എത്രമാത്രം ഹ്രസ്വമാക്കാമോ അത്രമാത്രം ഹ്രസ്വമാക്കാനും എന്നാൽ അവതരിപ്പിക്കേണ്ട ഭാവതലത്തിന് ചോർച്ചയുണ്ടാകാതിരിക്കാനും ഗ്രേസിക്കു കഴിയുന്നുണ്ട്. നിർവ്വചനങ്ങൾക്കോ ധാരണകൾക്കോ പിടിതരാതെ തെന്നിമാറുന്നതാണ് ഓരോ വ്യക്തിത്വമെന്നും അതിൽ നിന്നും സ്ത്രീ സ്വത്വത്തിനും മാറിനില്ക്കാൻ കഴിയില്ലെന്നും ഈ എഴുത്തുകാരി വിശ്വസിക്കുന്നുണ്ടെന്നു തോന്നുന്നു. പല രചനകളുടെയും അപ്രതീക്ഷിത വളവുകൾ അതാണ് വ്യക്തമാക്കുന്നത്. അതുകൊണ്ടു തന്നെ സ്ത്രീപക്ഷം എന്ന് വ്യവഹരിക്കപ്പെടുന്നതും നിർവചിക്കപ്പെടുന്നതുമായ ചില സിദ്ധാന്ത ശാഠ്യങ്ങൾക്ക് പിടിതരാൻ രചനകൾക്ക് കഴിയാതെ പോവുന്നു. അതാണ് ഗ്രേസിയുടെ രചനകളുടെ ഗുണം. പടിയിറങ്ങിപ്പോയ പാർവ്വതി, തീച്ചാമുണ്ഡി, പനിക്കണ്ണ്, ബീജബാങ്ക്, ശിഥില ചിത്രങ്ങൾ, അരുന്ധതിയുടെ സ്വപ്നങ്ങൾ തുടങ്ങിയ രചനകൾ ഈ പുസ്തകത്തിന് അർഹമായ സ്ഥാനം നിർവ്വചിച്ചു നല്കുന്നുണ്ട്.

# Dollarization and Euroization

P.S. Mohan Kumar
*SS College, Kalady*

Dollarization refers to the use of a foreign currency, usually the U.S dollar, for transactions in another country. More recently, other foreign currencies such as the euro, are being used. There are many countries euroized, but the term dollarization is often used to refer to both cases-dollarization and euroization. Successful dollarization occurred in Bosnia-Herzegovina, Island, Mexico, Poland and Solvenia. Whenever there is instability for home currency, citizens or govt. will usually use dollar or euro. Partial or defacto dollarization occurs when a country keeps its own local currency in circulation but also allows payments and transactions to be carried out freely in dollars. The fully dollarized economics are Ecuador, El Salvador, and Panama. The ratio of foreign currency deposits to local currency has increased in Latin America, Asia, Africa and European transition economies. In Such countries dollars are used mainly as a means of payment, domestic residents also hold financial assets in dollars, and local prices and or wages are set in dollars.

## Water Privatization

The World Bank backed water privatization moves into India by October-November 2005 through a project in Delhi where they offer round- the-clock water (24 hours, 7 days). The proposed commercialization will be a great threat to consumers. Some points out that the price of water will rise by 800%.when total commercialization takes place. The World Bank consultants recommend removal of all subsidies and cross subsidies by 2011. If subsidy goes the price of water will be Rs. 1750/- for a middle class family and Rs. 350/- for a slum dweller. At present 60% of the cost of water is being subsidized by the government. The privatization process takes place without public involvement or debate or transparency.

Water privatization in US, Philippines and Argentina met with failure. In Manila, MNCs raised water tariff by 300 to 700% after privatization. In Argentina a 30 year water privatization contract was terminated after 3 years. with consumers refusing to pay bills. Undoing of water privatization too happened in US in 1999. In Atlanta (USA) a 20 year water privatization contract was terminated after 4 year for lack of performance.

## Irani Committee Report

The government of India constituted on December 2, 2004 an Expert Committee under the Chairmanship of Dr J.J. Irani to make recommendations on a New Company Law. The report was submitted on May 31, 2005. It has suggested introduction of some concepts like board meetings through electronic means,

limited liability partnerships, and one man companies. Provisions like requirement of a certificate of commencement of business, attaching balance sheets of subsidiary companies etc. are recommended for deletion. Board meetings can be held through teleconferencing or video conferencing. The directors who participate through electronic means should be counted for attendance and form part of Quorum. Minutes should be approved/accepted by such directors who attended by way of teleconferencing/video conferencing. OPC (one person company) may be registered as a private company with one member and at least one director; Letters OPC to be suffixed with the name of one person company to distinguish it from other companies. With regard to the remuneration of directors, no limits need be prescribed by the Government. Another important recommendation is that every company to have one director resident in India.

## G.8 members

The group of eight industrialized countries consist of United States, Canada, Britain, France, Germany, Italy, Japan and Russia. Formerly it was G.7 excluding Russia.

# സാഹിത്യമത്സരവിജയികളെ അഭിനന്ദിച്ചു



പാലക്കാട് വെച്ച് നടന്ന 47-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യരചനാ മത്സരത്തിൽ വിജയികളായ പയ്യന്നൂർ കോളജിലെ വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നതിന് വേണ്ടി എ. കെ. പി. സി. ടി. എ പയ്യന്നൂർ കോളജ് ബ്രാഞ്ച് പൊതുപരിപാടി സംഘടിപ്പിച്ചു. ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപപചന്ദ്രൻ നായർ മുഖ്യാതിഥി ആയിരുന്നു. വിജയികൾക്കുള്ള സമ്മാനദാനം നടത്തി സംസാരിച്ച അദ്ദേഹം ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന സാമൂഹിക അനീതികളെക്കുറിച്ച് സംസാരിച്ചു. ജില്ല പ്രസിഡണ്ട് പി. വി. രവീന്ദ്രൻ, പ്രിൻസിപ്പൽ പ്രൊഫ. കെ. നാരായണൻ, സംസ്ഥാന കമ്മിററിയംഗം ഡോ. ടി. പവിത്രൻ എന്നിവർ ആശംസകൾ നേർന്നു. യോഗത്തിൽ ബ്രാഞ്ച് പ്രസിഡണ്ട് കെ. ജനാർദ്ദനൻ അധ്യക്ഷത വഹിച്ചു. മത്സരവിജയികളായ രഞ്ജു എം. വി (കഥ I), സജീഷ് എം. പി(കവിത I), ഉണ്ണികൃഷ്ണൻ എം (കവിത II & ലേഖനം III), നവ്യ വി. കെ (കവിത III) എന്നിവർ മറുപടി പ്രസംഗം നടത്തി. ബ്രാഞ്ച് സെക്രട്ടറി നിശാന്ത്. എ സ്വാഗതവും ജില്ലാ കൗൺസിൽ അംഗം ഡോ. പി. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

എ. കെ. പി. സി. ടി. എ. യുടെ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ ചെറുകഥാ മത്സരത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കിയ റജീന ഉമ്മർ (എം. ഇ. എസ്, കല്ലടി കോളജ്, മണ്ണാർക്കാട്, പാലക്കാട്) നുള്ള കാഷ് അവാർഡ് ബ്രാഞ്ച് സമ്മേളനത്തിൽ വച്ച് ജില്ലാ സെക്രട്ടറി എം. സഫറുദ്ദീൻ വിതരണം ചെയ്തു. സമ്മേളനത്തിൽ പ്രസിഡൻറ് ഇ. എ. ജോൺ അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി ടോബിൻ തിയോഫിലസ് സ്വാഗതവും, രാജൻ കെ. രമേഷ് നന്ദിയും രേഖപ്പെടുത്തി.

# അന്താരാഷ്ട്ര മൈക്രോ ക്രെഡിററ് വർഷം

**ഡോ. എം. ആർ. സുദർശനകുമാർ**

എം. ജി. കോളജ്, തിരുവനന്തപുരം

മുപ്പത് വർഷം മുമ്പ് ബംഗ്ലാദേശിൽ നടന്ന സംഭവമാണിത്. അന്നവിടുത്തെ പാവപ്പെട്ടവർ പണം കടമെടുത്തിരുന്നത് കഴുത്തറപ്പൻ പലിശക്കാരിൽ നിന്നുമായിരുന്നു. ഇതവരെ ജീവിതകാലം മുഴുവൻ പണം പലിശയ്ക്ക് കൊടുത്തയാളുടെ അടിമകളായി ജീവിക്കുവാൻ നിർബന്ധിതരാക്കി. ഇത് മനസിലാക്കി ദരിദ്രരെ സഹായിക്കുവാൻ മുഹമ്മദ് യൂനസ് എന്ന ഇക്കണോമിക്സ് പ്രൊഫസർ തുനിഞ്ഞിറങ്ങി. അദ്ദേഹം തന്നെ അവർക്കു വേണ്ടി ജാമ്യം നിന്നു. ഫലം അദ്ദേഹത്തെ പോലും അത്ഭുതപ്പെടുത്തി. പണം തിരിച്ചടയ്ക്കുന്നതിൽ അവർ ഒരു വീഴ്ചയും വരുത്തിയില്ല. ഈ അനുഭവം 1983 ൽ ഗ്രാമീൺ ബാങ്ക് എന്ന സംരംഭം ആരംഭിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇന്ന് ബംഗ്ലാദേശിൽ 35 ലക്ഷം ദരിദ്രർക്ക് (അതിൽ 95% സ്ത്രീകളാണ്) വായ്പ നൽകുന്ന സ്ഥാപനമായി ഗ്രാമീൺ ബാങ്ക് വളർന്നു. ലോകത്താകമാനം ഈ സംവിധാനം പടർന്നു പന്തലിച്ചിട്ടുണ്ട്. ഏഴു കോടി ആൾക്കാർക്ക് ഇതിന്റെ സേവനം ലഭിക്കുന്നു.




ബംഗ്ലാദേശിൽ ആരംഭിച്ച ഗ്രാമീൺ ബാങ്ക് തെളിയിച്ചത് പലകാര്യങ്ങളാണ്. 99% പേരും കടം തിരിച്ചടയ്ക്കുന്നുണ്ട്. മാത്രവുമല്ല ബാങ്ക് സ്വയംപര്യാപ്തമാണ്. ബാങ്ക് ഫണ്ട് സമാഹരിക്കുന്നത് കടമെടുക്കുന്നവരുടേയും അല്ലാത്തവരുടേയും നിക്ഷേപത്തിൽ നിന്നാണ്. ആറായിരത്തോളം സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഉന്നത വിദ്യാഭ്യാസം തേടുന്ന വിദ്യാർത്ഥികൾക്ക് വായ്പയും ഗ്രാമീൺ ബാങ്ക് നൽകുന്നു. തുടർച്ചയായി ലാഭത്തിലാണ് ബാങ്ക് പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെ ഈ വർഷം അന്താരാഷ്ട്ര മൈക്രോ ക്രെഡിറ്റ് വർഷമായി ആചരിക്കുവാൻ തീരുമാനിച്ചത് ഏറ്റവും ഉചിതമായി!

## ബുധന്റെ കാന്തമണ്ഡലം[2]

1974 ലും 1975 ലും ബുധനുമായി സന്ധിച്ച Mariner 10 ദൗത്യം ബുധന് കാന്തമണ്ഡലമുണ്ടെന്ന് സ്ഥാപിച്ചു. ഇപ്പോൾ ഹാർവാഡ് സർവകലാശാലയിലെ സബീൻ സ്റ്റാൻലിയും സംഘവും കമ്പ്യൂട്ടർ മാതൃകകൾ ഉപയോഗിച്ച് നടത്തിയ പഠനം സംവഹനമാണ് കാന്തമണ്ഡലമുണ്ടാക്കുന്നതെന്ന് കണ്ടെത്തി. ഈ സിദ്ധാന്തം ശരിയാണോ എന്നറിയാൻ 2008 ലെ നാസയുടെ മെസഞ്ചർ ദൗത്യം വരെ കാത്തിരിക്കേണ്ടി വരും.

## സൗരയൂഥത്തിനു വെളിയിലുള്ള ഗ്രഹത്തിന്റെ ചിത്രം[3]



നാനൂറു പ്രകാശവർഷം അകലെ GQ Lupi A എന്ന നക്ഷത്രത്തെ വലയം ചെയ്യുന്ന ഗ്രഹത്തിന്റെ ചിത്രമെടുത്തു. ഈ ഗ്രഹവും അതിന്റെ നക്ഷത്രവും തമ്മിലുള്ള ദൂരം സൂര്യനും ഭൂമിയും തമ്മിലുള്ള ദൂരത്തിന്റെ നൂറിരട്ടിയാണ്.

## വ്യാഴത്തിന്റെ ചന്ദ്രൻ [4]



വ്യാഴത്തിന്റെ ഏററവുമടുത്തുള്ള ചന്ദ്രനാണ് Amalthea. അതിന്റെ സാന്ദ്രത ജലത്തിനേക്കാൾ കുറവാണ്. 250 കി. മീ. നീളമുള്ള ഉരുളകിഴങ്ങാകൃതിയുള്ള ഉപഗ്രഹമാണ് Amalthea. ഈ ഉപഗ്രഹം 1,10,000 കി. മീ. അകലെയുള്ള ഭ്രമണപഥത്തിലാണ് വ്യാഴത്തെ വലയം ചെയ്യുന്നത്.

## മലേറിയ പരാദം 5

മലേറിയ പരാദം കരളിനെ അണുബാധയേൽപ്പിക്കുന്ന രംഗം ആദ്യമായി ക്യാമറയിൽ പകർത്തി. ന്യൂയോർക്ക് സർവകലാശാലയിലെ Ute Frevert ഉം സഹപ്രവർത്തകരും Plasmodium bershei എന്ന പാരസൈററിനെ തിളക്കമുള്ളതാക്കി. പിന്നീടവർ ഡിജിററൽ മൈക്രോസ്കോപ്പ് ഉപയോഗിച്ച് എലിയുടെ കരളിനെ അതിക്രമിക്കുന്ന രംഗമാണ് ചിത്രീകരിച്ചത്.

References
1. Appropriate Technology, vol. 32, No1., p.6
2. Nature, 2 June 2005, p.541
3. Physics World, May 2005, p. 3
4. New Scientist, 4 June 2005, p. 19
5. Nature, 2 June 2005, p. 540

## എ.കെ.പി.സി.ടി.എ. ക്ക് എതിരില്ല

മണ്ണാർക്കാട് എം. ഇ. എസ് കല്ലടി കോളജ് സ്റ്റാഫ് കൗൺസിലിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ പ്രൊഫ. ഇ. എ. ജോൺ, പ്രൊഫ. പി. ആർ. മോഹൻദാസ് എന്നിവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

## വൻപിച്ച വിജയം

പന്തളം എൻ. എസ്. എസ്. കോളജിലെ സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി. എ സ്ഥാനാർത്ഥികൾ വൻവിജയം കരസ്ഥമാക്കി. എ.കെ.പി.സി.ടി. എ യുടെ നാലു സ്ഥാനാർത്ഥികളും വമ്പിച്ച ഭൂരിപക്ഷത്തിൽ വിജയിച്ചു.

പ്രൊഫ. ശംഭു നമ്പൂതിരി (യൂണിററ് സെക്രട്ടറി) പ്രൊഫ. കെ.പി. സുരേഷ് കുമാർ, പ്രൊഫ. എൻ. മോഹനൻ, ഡോ. ഡി. പ്രദീപ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

AKPCTA

## കെട്ടിടഫണ്ട്

എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മററി ഓഫീസിന്റെ 3-ാം നിലയുടെ പണി പുരോഗമിക്കുന്നു. കെട്ടിടഫണ്ടിലേക്ക് ഇനിയും തുക അടയ്ക്കാത്തവർ (മെമ്പർ ഒന്നിന് 500 രൂപാ വീതം) എത്രയും പെട്ടെന്ന് ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

AKPCTA State Committee Office,
Mathurbhoomi Road, Vanchiyoor,
Thiruvananthapuram-35,
Phone: 2463494, Fax: 0471-2468984,
e-mail:akpcta@sancharnet.in, www.akpcta.org.

## The All kerala Private College Teachers' Association

H.G.Yakoob Mar Irenaeus Metroplitan
Manager
Corporate Management of MOC Colleges
Devalokam
Kottayam

12-7-2005

Your Excellency

### Disaffiliation of Part11 Sanskrit in MD College, Pazhanji

The Principal, M.D. College Pazhanji has informed us that the management has written to the Registrar, University of Calicut, vide letter dated 17/6/2005 seeking disaffiliation of Part11 Sanskrit in MD College, Pazhanji on the ground that there is no demand for the course from the students. However this is not true. It is reliably learnt that the authorities have deliberately dissuaded applicants from opting for Part11 Sanskrit by informing them that the management did not intend to continue the course any longer.

Apart from denying opportunity for studying Part11 Sanskrit to students, the discontinuance of the course would also eventually lead to the abolition of the post of a teacher in Sanskrit. Smt.K.N.Ranganayaki, Selection Grade Lecturer in Sanskrit who has been duly appointed and continuously working in the college since 10/12/1993 would be thrown out of job in course of time on account of this.

Taking the academic and humanitarian aspects of the issue into consideration, AKPCTA requests you to desist from the move to disaffiliate Part11 Sanskrit in M.D. College, Pazhanji and to continue to admit applicants who opt for the course in the college.

Thanking You

Yours faithfully

**Thomas Joseph**
President

## The All kerala Private College Teachers' Association

The Vice Chancellor
Mahatma Gandhi University
Kottayam

29-06-2005

Dear Madam

St Albert's College, Ernakulam-Unauthorized Rescheduling of Working Time & Motivated Disciplinary Proceedings Against Prof. Sebastian K. Antony –Reg

The working time of St.Albert's College has been rescheduled w.e.f. the current academic year .The new schedule is from 8AM to 1.30.PM.This has been done in violation of GO(P)No.5/2001/H.Edn. dated 3-1-2001 which states as follows:

Depending upon local conditions, the colleges will have a working hour pattern of 9AM to 4PM /9.30AM to 4.30PM/10AM to 5PM.Each college should intimate the timing chosen by it to the concerned University and the Government. The Principals may be directed to take appropriate measures to ensure the above timings.

It is clear from the above that individual colleges have only the limited discretion of choosing one of the three time schedules above. St.Albert's College management has evidently exceeded the limits of its authority by imposing a time frame outside the schedules notified by the G.O.

The Principal who is actively championing the new time schedule has not only failed to take appropriate measures to ensure proper timings as mandated by the GO, but is vindictively proceeding with disciplinary action against teachers who have tried to defend the rule of law in appropriate academic forums. Prof.Sebastian K.Antony, Head of the Department of Malayalam has been placed under suspension on the recommendation of the Principal w.e.f. 15-6-2005 for his criticism of the unlawful rescheduling of time in the College Council.

The entire staff and students of the college have voiced their protest against the new time schedule. Associations of students and teachers have already launched indefinite agitations protesting against the unilateral imposition of the new time schedule and draconian measures being taken against those who oppose the new move.

Under the above circumstances, it is requested that the University intervene immediately to

**(1) Restore the time schedule existing prior to 1-6-2005**

**(2) Reinstate Prof. Sebastian K. Antony into service**

**(3)Take disciplinary action against the Principal for violating the law and intimidating law-abiding teachers and students**

Thanking You
Yours faithfully

**A.Prathapachandran Nair**
General Secretary

## The All kerala Private College Teachers' Association

The Vice Chancellor
Mahatma Gandhi University
Kottayam

Dated 29-6-2005

Dear Madam

*Autonomy to Rajagiri College of Social Sciences, Kalamassery*

It has been reported in the press that the Syndicate of Mahatma Gandhi University is going to favorably consider a proposal for the grant of autonomy to Rajagiri College of Social Sciences, Kalamassery in the light of its application for autonomy submitted directly to the UGC .It has been further reported that the Government representative and the Vice-Chancellor have already expressed themselves in favour of the proposal.

It is submitted in this connection that the move to grant autonomy to Rajagiri College of Social Sciences, Kalamassery is hasty and ill conceived. It violates the following norms laid down in the REPORT OF THE SUB COMMITTEE OF THE INTERUNIVERSITY CONSULTATIVE COUNCIL under the chairmanship of Dr.K.K.N. Kurup and Convenorship of Dr.Cyriac Thomas on THE FEASIBILITY OF GRANTING AUTONOMOUS STATUS TO COLLEGES IN KERALA:

1) Initially autonomous status need only be granted to aided affiliated colleges with fifty years standing (Rajagiri college was only established in 1980)
2) Initially a Committee of ex Vice Chancellors and eminent educationalists appointed by the Government may make the identification of prospective autonomous colleges. (No such exercise has so far been undertaken)

It is further submitted that the performance of Rajagiri College in terms of social accountability is far from satisfactory. It may be recalled that the management had only last year converted an aided MBA course into an unaided course without the concurrence of the university, causing great hardship to the public.

**The scheme of autonomy has been devised by the UGC to provide greater freedom to colleges with proven record of academic excellence and social accountability. Rajagiri College does not measure up to the highest standards of excellence in social accountability. Confirmation of autonomy to the college can set a bad precedent and give a wrong message, more so if the college happens to be the first to get autonomous status in the state.**

AKPCTA urges the University to carefully consider the above and desist from the move to give NOC to the submission for autonomous status from Rajagiri College, Kalamassery.

Thanking You
Yours faithfully

A.Prathapachandran Nair
General Secretary

**IN THE OFFICE OF THE**
**COMMISSIONER OF INCOME TAX (APPEALS) - III**
**KOCHI**

Date of order : 2-3-2005
**Appeal No: 154/CNR/CIT - IV/04 - 05**

Instituted on the 6.1.2005 from the order of the Income Tax Officer, ward - I (3), Kannur.

| | | |
|---|---|---|
| 1) Assessment Year | : | 2004 - 05 |
| 2) Name of the Appellant | : | Vijayan. M<br>Dept. of Physics<br>Nirmalagiri College,<br>P.O. Nirmalagiri,<br>Kuthuparamba.<br>Kannur - 670 701. |
| 3) Income Assessed | : | Rs. 3,41,406/- |
| 4) Tax demanded | : | Rs.8,040/- |
| 5) Section under which the order appealed against was passed | : | 143(1) |
| Date of hearing | : | 2-3-2005 |
| Present for the appellant | | Shri. K.K.Sujanapal, C.A |
| Present for the Department: | | None |

**APPELLATE ORDER AND GROUND OF DECISION**

1. This appeal is filed against the intimation u/s 143(1) for the assessent year 2004 - 05. When the appeal was posted for hearing, Shri K.K. Sujanapal, C.A appeared and was heard.

2. The appellant received a sum of Rs. 1,34,543/- as arrears of salary for the period 1.1.1996 to 31.12.1999. A portion of the arrears was directly credited to the Provident Fund account. While computing the relief u/s 89(1), the appellant considered the arrears of salary credited to PF account as eligible for rebate u/s 88 for the earlier assessment years. The Assessing Officer denied the claim of the appellant while processing the return of income.

3. The Authorised Representative argues that the appellant is eligible for rebate u/s 88 on the amount credited in the Provident Fund account for the various previous years. This claim is made on the basis of the decision of the ITAT Chennai Bench in the case of R.J. Basu. The Authorised Representative argues that the appellant has rightly claimed that relief u/s 89(1) is to be computed after giving the benefit of rebate u/s 88 relating to arrears of salary of earlier years directly credited to the P&F account.

3. I have considered the arguments of the appellant. With effect from 1-6-99 an amendment was made to S.143(1) (1A) 143(1B) of the Act to do away the provisions relating to prima facie adjustments, levy of additional tax in all cases. The scope of the amendment is explained in circular No. 779 dt. 14-9-1999. The relevant portion is extracted below:

"46.2. It is seen that the present system of prima facie adjustments has become some sort of assessment in itself where every return is examined minutely and such adjustments are also open to appellate remedy.

## കേരളസർക്കാർ

### സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗവും സിനിമാററിക് ഡാൻസ്, ഫാഷൻ ഷോ എന്നിവയും നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സർക്കാർ ഉത്തരവ് (ആർ. ററി) നം.1102/05/ ഉ. വി. വ

തിരുവനന്തപുരം, തീയതി: 24.06.2005

പരാമർശം: സർക്കാർ ഉത്തരവ് ( ആർ. ററി) നം. 346/05/ ഉവിവ തീയതി: 1.3.2005

### ഉത്തരവ്

വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം തടയുന്നതിനും, അശ്ലീല ചുവയുള്ള സിനിമാററിക് ഡാൻസ്, ഫാഷൻ ഷോ എന്നിവ നിറുത്തലാക്കുകയും ചെയ്യുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്സ് കമ്മിററികൾ രൂപീകരിക്കുവാൻ പരാമർശ പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ നിർദ്ദേശങ്ങൾക്കു ശേഷവും മൊബൈൽ ഫോണുകളുടെ ഉപയോഗം നിർബാധം തുടരുന്നതായും അശ്ലീല ചുവയുള്ള സിനിമാററിക് ഡാൻസും, ഫാഷൻ ഷോകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇവ പൂർണ്ണമായും ഒഴിവാക്കുന്നതിനായും, കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Most of the time of the Assessing Officer is utilized in processing the returns in the above manner leaving very little time for thorough investigation and other important activities. The ever - increasing number of returns resulting from the drive to widen the tax base may make it more difficult. In view of the above, the Act has amended section 143 of the income - tax Act to modify the present provisions contained in section 143(1) 143(1A)/ 143(1B) and to do away with the provisions relating to prima facie adjustments, additional tax and issue of intimations in all cases. Filing of the return by itself would complete the process of assessment limiting its scope to raise demand where taxes are not paid and issue refund wherever due, on the basis of return of income so filed. With the exception of issuing intimations where any sum is payable by the assessee or any refund due to him, the acknowledgement shall be deemed to be an intimation."

A careful reading of the circular shows that the scope of processing u/s 143(1) is limited to raising demand where taxes are not paid or issued refund where excess tax is paid. No other adjustment or modification is contemplated u/s 143(1). What the appellant has claimed is a relief under s.89 read with Rule 21A. The admissibility of relief u/s. 89 requires application of mind. The grant of relief u/s .s.89 is not automatic. What the empowers the Assessing Officer to do u/s.143(1) is to set right the obvious and patent mistakes in computation of tax payable. Allowability of relief u/s.89 cannot come under the above exercise, because the relief can be allowed only by examining whether the tax payer satisfies the conditions specified in Rule 21A. If on such examination the Assessing Officer finds that the liability to pay tax is to be quantified at a higher figure then an opportunity of hearing has to be accorded to the assessee. In view of this, the modification of relief u/s. 89 cannot be made without hearing the assessee even though there is no change in the total income assessed. Therefore, the action of Assessing Officer in curtailing the relief, claimed u/s 89(1) is beyond the scope of s.143(1) as explained in the board's Circular No. 779 dt. 14.9.99.

In the result, the appeal is allowed.

**K. KARUNAKARAN**
Commissioner of Income tax (Appeals) - III
Kochi

i) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെന്റ് /ഗവൺമെന്റിതര) ഫാഷൻ ഷോ, സിനിമാറ്റിക്സ് ഡാൻസ് എന്നിവ നിരോധിച്ചിരിക്കുന്നു. എന്നാൽ അതതു സ്ഥാപനത്തിലെ എത്തിക്സ് കമ്മിറ്റികളുടെ അംഗീകാരത്തോടെ പരമ്പരാഗത കലാ സാംസ്കാരിക പരിപാടികൾ നടത്താവുന്നതാണ്.

ii) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെന്റ് /ഗവൺമെന്റിതര) ക്യാമറ സംവിധാനമുള്ള മൊബൈൽ ഫോൺ നിരോധിച്ചിരിക്കുന്നു.

a) സ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിലുള്ള വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല. അദ്ധ്യാപകർ ക്ളാസിൽ മൊബൈൽ ഫോൺ കൊണ്ടുപോകാൻ പാടില്ല.

b) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ളാസ്സ് മുറികളിലും ക്യാമ്പസിനകത്തും മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കേണ്ടതാണ്.

iii) ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം വിദ്യാർത്ഥികളുടെ പേരിലും അദ്ധ്യാപകരുടെ പേരിലും മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനമേധാവിക്കും എത്തിക്സ് കമ്മിറ്റിക്കും അധികാരമുണ്ടായിരിക്കും.

iv) ഈ സർക്കാർ ഉത്തരവ് നടപ്പിലാക്കാത്ത സ്ഥാപനങ്ങളുടെ-അംഗീകാരം റദ്ദാക്കി, മേലധികാരികളുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മേധാവിക്ക് അധികാരമുണ്ടായിരിക്കും.

v) സമുചിതമായ മേൽനോട്ടം വഹിച്ച് ഓരോ മാസത്തേയും റിപ്പോർട്ട് ജില്ലാതല എത്തിക്സ് കമ്മിറ്റികൾ ശേഖരിച്ച് അടുത്ത മാസം 10-ാം തീയതി സംസ്ഥാനതല കമ്മിറ്റിക്കും സംസ്ഥാനതല കമ്മിറ്റി അവലോകന റിപ്പോർട്ട് 15-ാം തീയതി മന്ത്രിക്കും സമർപ്പിക്കേണ്ടതാണ്.

3. ഇതു സംബന്ധിച്ച് മന്ത്രിതല/സെക്രട്ടറിതല അവലോകന മീറ്റിംഗ് രണ്ടു മാസത്തിലൊരിക്കൽ ഉണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി. ശ്രീദേവി
ഡെപ്യൂട്ടി സെക്രട്ടറി

---

**UNIVERSITY OF KERALA**
(Abstract)

Leave for Research Scholars - Enhancement of number of days of maternity leave - Sanctioned - Orders issued.

**ACADEMIC E.I A SECTION**

**No.Ac.E.I.A.1.870/05** **Dated, Thiruvananthapuram, 6.6.2005**

Read: Item No. B2 of the appendix to Item No. 23 of the minutes of the meeting of the Syndicate held on 12.05.2005


**ORDER**

The Syndicate at its meeting held on 12.5.2005 considered along with the recommendation of the Standing Committee on Research and Scholarships the proposal for enhancement of number of days of maternity leave for all research scholars to 135 days and resolved to grant the same.

Orders are issued accordingly.

Sd/-
Jyothishmathy M R
Deputy Registrar (Acad. III)
For Registrar

# കണ്ണൂർ സർവ്വകലാശാലാ സെനററ് സ്ഥാനാർത്ഥികൾ

| | Roll. No. | Name and Address |
|---|---|---|
|  | 92 | **M. P. YOUSEF**<br>Dept. of Economics, NAM College, Kallikandy |
|  | 120 | **Dr. K. PRADEEP KUMAR**<br>Dept. of Chemistry, PRNSS College, Mattanur |
|  | 164 | **VALSALA KURIAKOSE**<br>Dept. of Chemistry, Nirmalagiri College |
|  | 232 | **Dr. C. R. LALITHA**<br>Dept. of Botany, S. N. College, Kannur |
|  | 261 | **C. CHANDRAN**<br>Dept. of Economics, SES College, Sreekandapuram |
|  | 345 | **P. V. RAVEENDRAN**<br>Dept. of Commerce, Sir Syed College, Taliparamba |
|  | 355 | **K. C. PADMAJA**<br>Dept. of Economics, Payyanur College, Payyanur |
|  | 452 | **A. MOHANAN**<br>Dept. of Chemistry, N.A. S. College, Kanhangad |

R.No. 36025/81
No. 192

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/2003-2005
Rs. 11/-
JULY 2005

CSIR
UGC

JRF
LECTURESHIP

*Classes for both subject and general papers in the disciplines*

An institute exclusive for CSIR / UGC & GATE Examinations

- PHYSICAL SCIENCES
- CHEMICAL SCIENCES
- LIFE SCIENCES
- MATHEMATICS
- STATISTICS

New batches for December 2005 Examination
**just started**

Classes handled by a team of experts headed by

PHYSICS - **Dr. G.Arul Das** (Formely Professor & Head of Physics & Dean, Faculty of Science, University of Kerala)

CHEMISTRY - **Dr. A.Salahuddien Kunju,** (Formely Principal, University College Thiruvananthapuram)

BOTANY - **Dr. P. Sreedevi** (Hony. Director of Research. Dept. of Botany, M.G . College Thiruvananthapuram)

MATHEMATICS - **Prof. Annamma Thomas**,(Formely Head, Dept.of Mathematics, University College, Thiruvananthapuram)

**UGC-NET Economics starts on 17th August 2005**

CSC

COMPETITION SLOG CENTRE

Gandhari Amman Coil Junction, Pulimoodu,Thiruvananthapuram - 1, Ph : 2320679

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 2463494, Fax: 0471-2468984, e-mail:akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904, Typeset: Genial, Tvpm, Chief Editor: S. Jayaraj kumar